വ്യവസായ നാദം
OFFICIAL NEWS BULLETIN OF KSSIA, KOTTAYAM UNIT

VOL.4 ISSUE 1
**APRIL 2010**

Chief Editor
**Dr.George Thomas Perincheril**
(President, KSSIA,Kottayam)

Associate Editor
**Sabu Pulintharakunnel**

Editorial Board Members
**Dr. T. C. Joseph**
**Abraham Kuriakose**
**K. Dilip Kumar**
**Benoy Kurian**
**James Jacob Vilanganpara**
**Xavier Thomas Kondody**

Layout
**mosartdesign@gmail.com**

Type Setting
**Sandra Graphics, Manganam**

**THE KERALA STATE SMALL INDUSTRIES ASSOCIATION (KSSIA), KOTTAYAM DISTRICT UNIT**
No.XIV/105/A
Kottayam Municipal Industrial Estate
Kodimatha, Kottayam-686 039
Phone: 2309731, 9496413081
Phone / Fax: 2567570
www.kssiakottayam.com
E-mail:ktmsmallind@bsnl.in
kssiaindustries@yahoo.co.in

## സദ്ചിന്ത



**അ**നുഭവങ്ങളെക്കാൾ അനുഭവങ്ങൾക്കുള്ള സാദ്ധ്യതകളെ അടിസ്ഥാനമാക്കിയാണ് ഒരാളുടെ ബുദ്ധിശക്തി അംഗീകരിക്കപ്പെടുക **–ജോർജ് ബർണാർഡ് ഷാ**



# ഒരു കുടക്കീഴിൽ നമ്മളൊന്നിച്ച്



**എഡിറ്റോറിയൽ**

**നാ**ളിതുവരെ പ്രസിദ്ധീകരിച്ചതിൽനിന്ന് വ്യത്യസ്തമായി വേറിട്ട ഉള്ളടക്കത്തോടും പുതുമയാർന്ന രൂപകല്പനയോടുംകൂടെ പുറത്തിറങ്ങിയ കഴിഞ്ഞ ലക്കം 'വ്യവസായനാദ'ത്തിന് ലഭിച്ച വൻവരവേൽപ്പിന് നന്ദി അറിയിക്കട്ടെ. കേരളാ സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ കോട്ടയം യൂണിറ്റിന്റെ മുഖപത്രമെന്ന നിലയിൽ ഏറെ ആകർഷകമായി ഇത് അണിയിച്ചൊരുക്കി വായനക്കാരുടെ മുന്നിലെത്തിക്കാൻ കഴിഞ്ഞതിൽ അസോസിയേഷൻ പ്രസിഡന്റ് എന്ന നിലയിലും 'വ്യവസായനാദം' ചീഫ് എഡിറ്റർ എന്ന നിലയിലുമുള്ള സന്തോഷം രേഖപ്പെടുത്തുന്നു.

കുടുംബമാസിക എന്ന നിലയിൽ ഭാവിയിൽ ഇത് കൂടുതൽ ഭംഗിയായി പ്രസിദ്ധീകരിക്കുന്നതിന് നമ്മുടെ എല്ലാവരുടെയും കൂട്ടായ സഹകരണം ഉണ്ടായേ തീരൂ.

വ്യക്തമായ ഒരു ലക്ഷ്യത്തോടെ, അതിലുപരി ധീരമായ ചുവടുവെപ്പുകളോടെ ഒരു കുടക്കീഴിൽ ഒന്നിച്ചണിനിരക്കുമ്പോൾ മാത്രമാണ് സംഘടനയുടെ ശക്തി കൂടുതൽ വ്യാപിക്കുന്നത്.

വ്യവസായ സമൂഹം എന്ന നിലയിൽ, നേരിടാൻ നമുക്ക് പ്രശ്നങ്ങൾ അനവധിയുണ്ട്. വൈദ്യുതിവില വർദ്ധന തൊട്ടിങ്ങോട്ട് എന്തെല്ലാമെന്തെല്ലാം സങ്കീർണ വിഷയങ്ങളാണ് ഓരോ ദിവസവും നമുക്ക് അഭിമുഖീകരിക്കേണ്ടതായി വരുന്നത്.

അസോസിയേഷന്റെ കരുത്തുറ്റ ജിഹ്വയായി ഇത് മാറുമ്പോൾ ഇതിലൂടെ കൂടുതൽ ഉയരങ്ങൾ താണ്ടാൻ നമുക്ക് കഴിയണം.

ഒറ്റയാൾപോരാട്ടത്തിന് വിജയം അത്ര എളുപ്പമല്ല. എന്നാൽ കൂട്ടായ പരിശ്രമങ്ങൾക്ക് ഫലമുണ്ടാകാതെയിരിക്കയില്ല. വിജയശ്രീലാളിതരായി നമുക്ക് ഒന്നിച്ച് മുന്നേറാം.

കോട്ടയത്തെ വ്യവസായ സമൂഹം ഏറെ പ്രതീക്ഷകളോടെ കാത്തിരിക്കുന്ന ഇൻഡക്സ് 2010 മഹാമാമാങ്കത്തിനുള്ള ഒരുക്കങ്ങളും ഏതാണ്ട് പൂർത്തിയായി വരികയാണ്. 'പ്ലാന്റേഷൻ ടു വാല്യൂ അഡിഷൻ' എന്ന മുദ്രാവാക്യം ഉയർത്തി അന്താരാഷ്ട്ര നിലവാരത്തിലേക്ക് പിച്ചവെച്ചടുക്കുന്ന ഇൻഡക്സ് 2010 ന് കോട്ടയം സ്പോർട്സ് കൗൺസിൽ ഗ്രൗണ്ടിലാണ് വേദിയുയരുന്നത്.

പുതിയ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലിതാ ഇവിടെയിനി നമ്മെ കാത്തിരിക്കുന്നത് ഒരു പുതുയുഗപ്പിറവി.

**ഡോ. ജോർജ് പി. തോമസ്**
**പ്രസിഡന്റ്, കെ. എസ്. എസ്. ഐ. എ. കോട്ടയം**

**സോഷ്യൽ സെക്യൂരിറ്റി പദ്ധതിയിൽ അംഗമാകൂ, സുരക്ഷിതത്വം ഉറപ്പാക്കൂ...**





ചെറുകിടവ്യവസായ രംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച സംരംഭകർക്കുള്ള സംസ്ഥാന-ജില്ലാ തല അവാർഡ് മിഡാസിന് വ്യവസായ മന്ത്രി എളമരം കരിം സമ്മാനിക്കുന്നു.

# മിഡാസിനും പ്രിയ അക്യുമുലേറ്റേഴ്സിനും ചെറുകിട വ്യവസായ സംരംഭകർക്കുള്ള അവാർഡ്

കോഴിക്കോട്: ചെറുകിടവ്യവസായ രംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച സംരംഭകർക്കുള്ള സംസ്ഥാന-ജില്ലാ തല അവാർഡുകൾ വ്യവസായ മന്ത്രി എളമരം കരിം സമ്മാനിച്ചു.

കോഴിക്കോട്ട് ഇക്കഴിഞ്ഞ മാർച്ച് 27ന് നടന്ന ചടങ്ങിലാണ് അവാർഡ് നൽകിയത്.

ഭൂമിയുടെ ദൗർലഭ്യം കാരണം സംസ്ഥാനത്ത് വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും അതിനാൽ ചെറുകിടവ്യവസായങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും മന്ത്രി എളമരം കരീം പറഞ്ഞു. മേയർ എം. ഭാസ്കരൻ അദ്ധ്യക്ഷത വഹിച്ചു.

പി. എം. എ. സലാം എം.എൽ. എ, വ്യവസായ വാണിജ്യവകുപ്പ് അഡീഷണൻ ചീഫ് സെക്രട്ടറി റ്റി. ബാലകൃഷ്ണൻ, വ്യവസായ വാണിജ്യവകുപ്പ് ഡയറക്ടർ റ്റി. ഒ. സൂരജ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. പി. കുഞ്ഞഹമദ്കുട്ടി, കളക്ടർ ഡോ. പി. ബി. സലിം, കേരള ചെറുകിട വ്യവസായ അസോസിയേഷൻ പ്രസിഡന്റ് വി. കെ. സി. മമ്മദ്കോയ, കാലിക്കട്ട് ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് എം. ശ്രീറാം തുടങ്ങിയവർ പ്രസംഗിച്ചു.

2007-08 ലെയും 2008-09ലെയും പൊതുവിഭാഗത്തിൽ കോട്ടയം ജില്ലയിൽനിന്നുള്ള അവാർഡ് മിഡാസ് ട്രേഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡി(വാഴൂർ)നാണ്. 2007-08 വർഷത്തെ അവാർഡ് ജോർജ് വർഗീസിനുവേണ്ടി (മിഡാസ്) ബി. എഫ്. വർഗീസ് ഏറ്റുവാങ്ങി. 2008-09 ലെ അവാർഡ് പൗലോസ് വർഗീസാണ് ഏറ്റുവാങ്ങിയത്.

ജി. പ്രിയാ ദേവി (പ്രിയാ അക്യുമുലേറ്റേഴ്സ് ഐ.ഡി.പി, പൂവന്തുരുത്ത്) 2007-08, 2008-09 വർഷങ്ങളിലെ ജില്ലാതല വനിതാ അവാർഡിനും അർഹയായിട്ടുണ്ട്.

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഏർപ്പെടുത്തിയ 2009ലെ സേഫ്റ്റി അവാർഡും മിഡാസ് ട്രേഡ്സ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡിനായിരുന്നു.

# വൈദ്യുതി വർദ്ധനയിൽ നിന്നും ചെറുകിട വ്യവസായ കൺസ്യൂമേഴ്സിനെ പൂർണമായും ഒഴിവാക്കണമെന്ന് ആവശ്യം

കോട്ടയം: കേരള സംസ്ഥാന വൈദ്യുതി ബോർഡ് എല്ലാ ഉപഭോക്താക്കളിൽനിന്നും കൂടുതൽ ചാർജ് വാങ്ങാനുള്ള പ്രോപ്പോസൽ കെ. എസ്. ഇ ആർ.സി യ്ക്ക് നൽകിയിട്ടുള്ളതായി അറിയുന്നു.

സാമ്പത്തിക മാന്ദ്യത്തിന്റെ പരിണിതഫലങ്ങളിൽ, കാര്യമായി രക്ഷപ്പെട്ടിട്ടില്ലാത്ത ഈ സംരംഭകരേയെങ്കിലും കൂടുതൽ വൈദ്യുതി നിരക്കിൽനിന്നും ഒഴിവാക്കണമെന്നാണ് ആവശ്യമുയരുന്നത്.

ഇപ്പോൾ തന്നെ ആജീവനാന്തം ഉപയോഗിക്കാത്ത വൈദ്യുതിയ്ക്ക്, ഫിക്സഡ് ചാർജ്ജ് നൽകി വൈദ്യുതി ബോർഡിനെ സംരക്ഷിക്കുന്നത്.

എൽ റ്റി ഐവി കാറ്റഗറിയിലുള്ള ഉപഭോക്താക്കളാണ് മാക്സിമം ഡിമാൻഡിനും ടൈം ഓഫ് ഡിമാൻഡിനും അനുസൃമായ താരീഫ് സമ്പ്രദായം 2010 ഏപ്രിൽ ഒന്നുമുതൽ നിലവിൽ വരുന്നുവെന്നുള്ള കെ. എസ്.എസ് ഐ. എ ന്യൂസിലെ പ്രസ്താവന സ്വാഗതാർഹമാണ്. ഇതിന്റെ പേരിൽ സംഘടനയ്ക്ക് അഭിമാനിക്കാം.

## സമരം മൂലം നഷ്ടപ്പെട്ടത് 50 ലക്ഷം ദിനങ്ങൾ

ന്യൂഡൽഹി: വിവിധ സമരങ്ങൾ മൂലം മനുഷ്യാധ്വാന ദിനങ്ങൾ നഷ്ടപ്പെട്ട സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെടെ ആറു സംസ്ഥാനങ്ങൾ മുന്നിൽ.

ആന്ധ്ര, ബംഗാൾ, ഹിമാചൽ പ്രദേശ്, രാജസ്ഥാൻ, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളാണ് ഇക്കാര്യത്തിൽ കേന്ദ്ര തൊഴിൽവകുപ്പ് തയാറാക്കിയ പട്ടികയിൽ മുന്നിലെത്തിയത്. രാജ്യത്ത് സമരം മൂലം ലോക്കൗട്ട് ചെയ്ത 61 കമ്പനികളിലെ 2200 തൊഴിലാളികൾ വഴിയാധാരമായി.

എന്നാൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് മനുഷ്യാധ്വാനം നഷ്ടപ്പെട്ട ദിനങ്ങളുടെ തോത് കുറഞ്ഞുവെന്നാണ് തൊഴിൽ മന്ത്രാലയം പറയുന്നത്.

2008 ൽ 3052 തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെട്ടു. ആന്ധ്രയിൽ 22 ലക്ഷം മനുഷ്യാധ്വാനദിനങ്ങളാണു സംസ്ഥാനത്തെ അസ്വസ്ഥതകൾ മൂലം നഷ്ടപ്പെട്ടത്. പശ്ചിമബംഗാളിൽ പത്തുലക്ഷം, ഹിമാചലിൽ അഞ്ചുലക്ഷം എന്നിവയാണ് പിന്നാലെ.

## അറിവുകൾ

### ആദായനികുതി റിട്ടേൺ: ഡിൻ പുതിയ നമ്പർ

ആദായനികുതി സംബന്ധിച്ച ആശയവിനിമയത്തിന് അടുത്ത സാമ്പത്തിക വർഷം മുതൽ പുതിയ നമ്പർ വരുന്നു-ഡോക്യുമെന്റ് ഐഡന്റിഫിക്കേഷൻ നമ്പർ (ഡിൻ). നികുതിദായകർക്ക്മാത്രമല്ല ഉദ്യോഗസ്ഥർക്കും ഒക്ടോബർ മുതൽ ഡിൻ നൽകാനാണ് തീരുമാനം. 2010-2011 സാമ്പത്തിക വർഷം മുതൽ നൽകുന്ന ആദായനികുതി റിട്ടേണിൽ ഡിൻ കൂടി ഉൾപ്പെടുത്തേണ്ടിവരുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ആദായനികുതി സംബന്ധമായ എല്ലാ നോട്ടീസുകൾക്കും കത്തിടപാടുകൾക്കും ഡിൻ നിർബന്ധമാക്കുന്ന പുതിയ സെക്ഷൻ 282 ബി ആദായനികുതി വകുപ്പിൽ ഉൾക്കൊള്ളിക്കുമെന്ന് പ്രത്യക്ഷ നികുതി ബോർഡ് വ്യക്തമാക്കി. ഡിൻ നികുതി വകുപ്പ് തന്നെയാണ് നൽകുന്നത്. റീഫണ്ടിന് അപേക്ഷിക്കാനും ഡിൻ നിർബന്ധമായിരിക്കും.

### പ്രക്ഷോഭത്തിന് നിയമ വിലക്ക്

ഒരു പ്രസ്ഥാനത്തിന്റെയോ, യൂണിറ്റിന്റെയോ നൂറുമീറ്റർ ദൂരപരിധിക്കുള്ളിൽ ട്രേഡ് യൂണിയനുകൾക്ക് പ്രക്ഷോഭണമോ, പ്രകടനങ്ങളോ നടത്തുന്നതിന് നിയമപരമായി വിലക്ക് ഏർപ്പെടുത്താവുന്നതാണ്.(2002 എൽ എൽ ആർ 69 ഡൽഹി എച്ച് സി )

ഫാക്ടറി ഉടമയുടെ എൻ ഒ സി വാങ്ങിയാൽ യൂണിയനുകൾക്ക് ഇവ നടത്തുവാൻ അധികാരമുണ്ട്.

# വനിതാ വ്യവസായികളെ ആദരിച്ചു

കോട്ടയം: സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കോട്ടയം സോണൽ ഓഫീസ് ലോകവനിതാ ദിനത്തോടനുബന്ധിച്ച് ചെറുകിട വ്യവസായ സംരംഭങ്ങളിൽ ഏർപ്പെട്ട് വിജയിച്ചുകൊണ്ടിരിക്കുന്ന വനിതാസംരംഭകർക്ക് മൊമന്റോകൾ നൽകി ആദരിച്ചു.

മാർച്ച് എട്ടാം തീയതി കോട്ടയം സോണൽ ഓഫീസ് റിക്രിയേഷൻ ഹാളിൽ നടന്ന ചടങ്ങിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ജനറൽ മാനേജർ ദുർഗാ ദാസൻ അദ്ധ്യക്ഷത വഹിച്ചു.

കോട്ടയം ജില്ലാ കളക്ടർ മിനി ആന്റെണി മുഖ്യാതിഥിയായിരുന്നു. എസ്. ബി .ടി കോട്ടയം സോണൽ മാനേജർ മോഹൻരാജ് വനിതാ സംരംഭകർക്ക് മൊമന്റോകൾ വിതരണം ചെയ്തു.

# ധനസഹായത്തിന് സ്ഥലം ഈടനൽകൽ: അവകാശം പുനസ്ഥാപിച്ചുകൊണ്ട് സർക്കുലർ

കോട്ടയം: ഡെവലപ്പ്മെന്റ് ഏരിയാ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഡെവലപ്മെന്റ് പ്ലോട്ട് തുടങ്ങിയ മേഖലകളിലെ വ്യവസായികൾ ധനസഹായത്തിന് സ്ഥലം ഈട് നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽമാനേജർമാർക്ക് ഉണ്ടായിരുന്ന അവകാശം പുനഃസ്ഥാപിച്ചുകൊണ്ട് സർക്കുലർ. 2010 മാർച്ച് 23-ാം തീയതിയാണ് വ്യവസായ ഡയറക്ടറുടേതായി ഈ സർക്കുലർ പുറത്തുവന്നത്.

ഈ സർക്കുലറിനൊപ്പം കഴിഞ്ഞ ജനുവരി ഏഴിനും 2009 ഡിസംബർ എട്ടിനുമായി വ്യവസായ ഡയറക്ടർ ഇറക്കിയ സർക്കുലറുകൾ സംബന്ധിച്ച വിശദാംശങ്ങളെപ്പറ്റി അറിയുവാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് അസോസിയേഷൻ ഓഫീസുമായി ബന്ധപ്പെടുക.

പൊലൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് പിഴ ഇല്ലാതെ ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2010 ഓഗസ്റ്റ് 31 വരെയാണെന്ന് ബോർഡ് ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

2010 മാർച്ച് 18ന് ഇത് സംബന്ധിച്ച് പുറത്തിക്കിയ ബോർഡ് സർക്കുലറിന്റെ വിശദാംശങ്ങളും അസോസിയേഷൻ ഓഫീസിൽ ലഭ്യമാണെന്ന് കെ. എസ്. എസ്. ഐ. എ ജനറൽ സെക്രട്ടറി കെ. എൻ. സുഭഗൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 2309731

## സമരത്തിന്റെ പിന്നാമ്പുറം




"അവകാശങ്ങൾ നേടിയെടുക്കും. മരണം വരെയും സമരം ചെയ്യും" കേരളം കേട്ടുമടുത്ത മുദ്രാവാക്യങ്ങളിൽ ചിലത് ഇങ്ങനെ.

മംഗളം ദിനപത്രം അടുത്തദിവസം പ്രസിദ്ധീകരിച്ച 'ആതിരിച്ചറിവ് നല്ലത്' എന്ന മുഖപ്രസംഗമാണ് ഈ കുറിപ്പിന് ആധാരം.

അവകാശവാദങ്ങളുടെ പിന്നാമ്പുറം തേടിയുള്ള പ്രയാണത്തിൽ മുഖപ്രസംഗത്തിലേക്ക് ഒരു എത്തിനോട്ടം:

അവകാശങ്ങൾക്കുവേണ്ടി പോരാടുമ്പോൾ കൊടിക്കു നിറമില്ലെന്നും മുദ്രാവാക്യങ്ങൾക്ക് ശബ്ദവ്യത്യാസമില്ലെന്നുമൊക്കെയാണ് എല്ലാ രാഷ്ട്രീയ കക്ഷികളും പറയാറുള്ളത്. സമത്വവാദത്തിലെ അടിസ്ഥാനപ്രമാണമായി ഇത് എല്ലാവരും അംഗീകരിച്ചിട്ടുമുണ്ട്.

സമരമെന്നത് പോരാട്ടവഴിയിലെ പ്രധാന ചുവടുകളിലൊന്നാണ്. ഓരോ രാഷ്ട്രീയ പാർട്ടിയുടെയും സ്വഭാവത്തിനനുസരിച്ച് സത്യഗ്രഹം മുതൽ സായുധ വിപ്ലവം വരെ ഈ സമരത്തിൽ പെടും. ഭരണവും സമരവും ഒന്നിച്ചുകൊണ്ടുപോകുന്നത് പാർലമെന്ററി ജനാധിപത്യക്രമമനുസരിച്ച് ഭരണത്തിൽ വന്നകാലം മുതൽ ഉച്ചൈസ്തരം ഘോഷിക്കുന്നതാണ് അതെ, കമ്പനികൾ ഉള്ളടത്തോളംകാലം തൊഴിലാളികൾ ഉള്ളടത്തോളംകാലം തുടരുന്നു, ഈ അവകാശ സമരത്തിന്റെ ആവേശജ്വാലകൾ.

## എ സി വിൽപ്പനയിൽ വർദ്ധന

കൊച്ചി: വേനൽച്ചൂടിൽ കേരളം വെന്തുരുകുമ്പോൾ എ സി വിപണിയിൽ വൻ വർധന. ആഡംബരവസ്തു എന്ന സ്ഥാനമാണ് എ സിയ്ക്ക് മുമ്പ് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് ഇതൊരു അവശ്യവസ്തുവായി മാറിയിരിക്കുന്നു. വേവൽ മഴ ചൂടിന് തെല്ല് ശമനമുണ്ടാക്കിയിട്ടുണ്ടങ്കിലും എ സി വിപണിയിൽ ആവശ്യക്കാരേറെയാണ്.

സ്പ്ലിറ്റ് ഏസികൾക്കാണ് ആവശ്യക്കാർ ഏറെയും. മുറിയുടെ എന്റീരിയർ ഡിസൈനിന് അനുസരിച്ച് വിവിധ ഡിസൈനുകളിലും നിറങ്ങളിലും ഇവ ലഭ്യമാണ്.

ഇവയുടെ കംപ്രസർ സൗകര്യപ്രദമായ സ്ഥലത്ത് വയ്ക്കാമെന്ന സവിശേഷതയും സ്പ്ലിറ്റ് ഏസിയെ ജനപ്രിയമാക്കുന്നു. ഇന്റഗ്രേറ്റഡ് സ്റ്റബിലൈസർ ഉള്ള ഏസിയാണ് വിപണിയിലെ ഇത്തവണത്തെ ആകർഷണം. 16,500 രൂപ മുതലാണ് ഇവയുടെ വില. വിൻഡോ എസികൾക്കും ഡിമാന്റുണ്ട്. കംപ്രസറും കൂളിംഗ് യൂണിറ്റും ഒരുമിച്ചുള്ള മോഡലുകളാണ് വിൻഡോ എസിയിൽ ഉള്ളത്.

# ഇന്റർനെറ്റ് ഉപയോഗം: ഗണ്യമായ വർധന

ന്യൂഡൽഹി: രാജ്യത്ത് ഇന്റർനെറ്റ് സേവനം ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർധനയുണ്ടായതായി റിപ്പോർട്ട്. മുൻവർഷത്തെ അപേക്ഷിച്ച് 2009-ൽ ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണത്തിൽ 42 ശതമാനത്തിന്റെ വർധനയാണ് ഉണ്ടായിരിക്കുന്നത്.

കുറഞ്ഞ നിരക്കിൽ കംപ്യൂട്ടർ ഉപകരണങ്ങളും ബ്രോഡ്ബാൻഡ് പ്ലാനുകളും ഉപയോക്താക്കൾക്ക് ലഭ്യമായതോടെ ഇന്റർനെറ്റ് സേവനത്തിലേക്ക് കൂടുതൽ പേർ ആകർഷിതരായി. കഴിഞ്ഞ വർഷം രാജ്യത്തെ മൊത്തം ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണം 7.10 കോടിയായി വർധിച്ചതായി വിപണി റിസർച്ച് ഏജൻസിയായ ഐ എം ആർബിയുടെയും ഇന്റർനെറ്റ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെയും വാർഷിക സർവേ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി.

നഗരങ്ങളിൽ കംപ്യൂട്ടർ ഉപയോഗിക്കുന്നവരിലും ഇംഗ്ലീഷ് സംസാരിക്കുന്നവരിലും അഞ്ചിൽ നാലുപേരും ഇന്റർനെറ്റ് ഉപയോക്താക്കളാണെന്ന് റിപ്പോർട്ടിൽ പറയുന്നു. 19,000 വീടുകളിലും, 68,000 വ്യക്തികളിലും 500 സൈബർ കഫേകളിലുമാണ് സർവേ നടത്തിയത്.

ഡെൽ, എച്ച്പി, എയ്സർ, എച്ച്സിഎൽ, ലെനോവ എന്നീ കമ്പനികൾ ഈയിടെ നെറ്റ്ബുക്ക് മോഡലുകൾ ഇന്ത്യൻ വിപണിയിലെത്തിച്ചു. ഈ വർഷം രാജ്യത്ത് 3,25,000 യൂണിറ്റുകൾ വിറ്റഴിക്കാൻ ആവുമെന്നാണ് ഗാർട്ട്നറിന്റെ കണക്കുകൂട്ടൽ. കഴിഞ്ഞ ഏതാനും വർഷങ്ങൾ പി സി വില്പനയിൽ മുന്നേറ്റമുണ്ടായിരുന്നെങ്കിലും 2009-10 ൽ 73 ലക്ഷം യൂണിറ്റായി തന്നെ തുടരുകയാണ്.

# ധനകാര്യ സ്ഥാപനങ്ങൾ മൂന്നാംപാദ പ്രവർത്തനം വിലയിരുത്തി

കോട്ടയം: കോട്ടയം ജില്ലയിലെ ബാങ്കുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും 2009-2010 സാമ്പത്തിക വർഷത്തിലെ മൂന്നാം പാദ പ്രവർത്തന അവലോകന യോഗം മാർച്ച് 25-ന് നടന്നു. 2010-2011 -ാം വർഷത്തിലെ ജില്ലാ ക്രെഡിറ്റ് പ്ലാനിന്റെ പ്രകാശനവും ഇതോടൊപ്പം നടന്നു.

കഴിഞ്ഞ വർഷം ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങൾ കോട്ടയം ജില്ലയിൽ മൊത്തം 3650 കോടി രൂപയുടെ വായ്പാവിതരണമാണ് നടത്തിയത്. ഇത് വാർഷികലക്ഷ്യത്തിന്റെ 75 ശതമാനം ആണ്. മുൻഗണന വായ്പ വിഭാഗത്തിൽ 2547 കോടി രൂപാ വായ്പാ വിതരണം നടന്നു. ഇത് വാർഷികലക്ഷ്യത്തിന്റെ 74 ശതമാനമായാണ് വിശേഷിപ്പിക്കപ്പെടുന്നത്.

യോഗത്തിൽ ജില്ലാ കളക്ടർ മിനി ആന്റെണി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി .എൻ രമേശൻ, ബാങ്കുകൾ കൂടുതൽ ജനോപകാരപ്രദമായ വായ്പകൾ നൽകണമെന്ന് ആഭ്യർത്ഥിച്ചു. എസ്. ബി. ടി ഡപ്യൂട്ടി ജനറൽ മാനേജർ ആർ മോഹൻരാജ് മുഖ്യ പ്രഭാഷണം നടത്തി. എൻ രാഘവേന്ദ്ര, ഡെപ്യൂട്ടി ജനറൽ മാനേജർ എസ് ബി ടി സ്വാഗതം ആശംസിച്ചു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലീഡ് ബാങ്ക് ഓഫീസർ എ.ആർ ബാലചന്ദ്രനും, നബാർഡിലെ അസിസ്റ്റന്റെ ജനറൽ മാനേജർ എ എസ് സുബ്രഹ്മണ്യൻ നമ്പൂതിരിയും ബാങ്കിങ്ങ് പ്രവർത്തനം അവലോകനം ചെയ്തു .

കൂടാതെ 2010-2011 ലെ ജില്ലാ വാർഷിക ക്രെഡിറ്റ് പ്ലാൻ ജില്ലാ കളക്ടർ മിനി ആന്റണി പ്രകാശനം ചെയ്തു.

അടുത്ത സാമ്പത്തിക വർഷം 5593 കോടി രൂപയുടെ വായ്പാവിതരണമാണ് കോട്ടയം ജില്ലയിൽ ഉദ്ദേശിക്കുന്നത്.

കോട്ടയം ജില്ലയിലെ ലീഡ് ബാങ്ക് മാനേജർ യോഗം നിയന്ത്രിച്ചു .

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ലീഡ് ബാങ്ക് ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റിലെ ചീഫ് മാനേജർ പി എസ് രാജമോഹനൻ നായർ കൃതജ്ഞത പറഞ്ഞു.

# ടയർ ഉൽപ്പാദനം കുറയ്ക്കുന്നു



ടയറുകൾക്ക് ദൗർലഭ്യം നേരിട്ടതോടെ നിരവധി വാഹനങ്ങൾ കട്ടപ്പുറത്തേക്ക് കയറാനൊരുങ്ങുകയാണ്. നിലവർധിപ്പിക്കുന്നതിനുള്ള നീക്കത്തിന്റെ ഭാഗമായാണ് ടയർക്ഷാമമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. പ്രമുഖ ടയർ കമ്പനി നിർമാതാക്കളായ സിയറ്റ്, എം ആർ എഫ്, ഡൺ ലപ്, അപ്പോളോ, ജെകെ, ടിവിഎസ് തുടങ്ങിയ കമ്പനികളുടെ ടയറുകൾ വിപണിയിൽ ആവശ്യത്തിന് ലഭിക്കാനില്ലാത്ത സ്ഥിതിയാണ് ഇപ്പോൾ. ടയർ വ്യാപാരികൾ പണമടച്ച് കാത്തിരിക്കാൻ തുടങ്ങിയിട്ട് നാളേറെയായെങ്കിലും ടയർ കമ്പനികളിൽനിന്നും ഇവ ലഭിക്കുന്നില്ല.

റബറിനു കുത്തനെ വിലവർധിച്ചതോടെ ടയറിനും വില വർധിപ്പിക്കാനുള്ള നീക്കമാണുള്ളത്. ടയർ ലഭിക്കാതായതോടെ പലരും പഴയ ടയറുകൾ റീട്രെഡ് ചെയ്താണ് ഉപയോഗിക്കുന്നത്. ഇത് റീട്രെഡ് ചെയ്ത ടയറുക്കൾക്കും വില വർധിക്കുന്നതിനു കാരണമായിട്ടുണ്ട്. റബറിന് ഗണ്യമായി വില വർധിക്കുന്നതോടെ ടയർ നിർമാണ കമ്പനികൾ ടയർ ഉൽപ്പാദനം വീണ്ടും കുറയ്ക്കാനാണ് സാധ്യത. ടയറിനു കറുപ്പുനിറം നൽകുന്ന കാർബൺ ബ്ലാക്കിന്റെ അപര്യാപ്തതയാണ് ടയർ ക്ഷാമത്തിന് കാരണമെന്ന് കമ്പനികൾ പറയുന്നു. ഒരു വർഷത്തിനുള്ളിൽ ടയർ, ട്യൂബ് തുടങ്ങിയ അനുബന്ധ റബർ ഉത്പന്നങ്ങൾക്കും വില വർധിച്ചിട്ടുണ്ടെങ്കിലും ഇനിയും വില വർധിപ്പിക്കാനാണ് നീക്കം.

സാമ്പത്തികമാന്ദ്യം കാര്യമായി ബാധിക്കാത്ത ഇന്ത്യയിൽ ഓട്ടോമൊബൈൽ വ്യവസായരംഗത്ത് വൻ കുതിച്ചുകയറ്റമാണ് ഇപ്പോൾ. ഇതുമൂലം ടയർ നിർമാണ കമ്പനികൾ പുതിയ പ്ലാന്റുകൾ ആരംഭിക്കുന്നതിനുള്ള ശ്രമത്തിലാണ്. പ്രതിവർഷം കോടിക്കണക്കിനു രൂപ ലാഭം കൊയ്യുന്ന ടയർ കമ്പനികൾ ടയറിനു വീണ്ടും വിലവർധിപ്പിക്കാനുള്ള നീക്കം പ്രതിഷേധത്തിനിടയാക്കിയിട്ടുണ്ട്.

## റബറിന് രാജ്യാന്തരവില കേരളത്തിൽ ലഭ്യമാക്കും: സാജൻ പീറ്റർ

കോട്ടയം: രാജ്യാന്തര വിപണിയിലെ വില കേരളത്തിലെ കർഷകർക്കും ലഭ്യമാക്കുകയാണ് റബർബോർഡിന്റെ ലക്ഷ്യമെന്ന് ചെയർമാൻ സാജൻ പീറ്റർ.

ഇപ്പോൾ ആഭ്യന്തര വിലയുമായുള്ള അന്തരം പത്തുരൂപയിൽ താഴെയാണ്. അടുത്ത സീസണിൽ ഇത് വീണ്ടും കുറയും. അതിനുള്ള നടപടികൾ ബോർഡ് സ്വീകരിക്കുകയാണ്.

വ്യവസായ ലോബി നിശ്ചയിക്കുന്ന വിലയ്ക്ക് വിപണി നീങ്ങുന്ന സ്ഥിതി ഇനി ഉണ്ടാവില്ല. രണ്ടു വർഷം മുൻപ് ഇത്തരമൊരു സ്ഥിതി ഉണ്ടായപ്പോൾ ഇന്ത്യയിൽ നിന്ന് 30000 ടൺ ചരക്ക് റബർബോർഡ് കയറ്റുമതി ചെയ്തിരുന്നു.

വിലയിടിക്കാൻ ശ്രമിച്ചാൽ ഇനിയും കയറ്റുമതി ഉണ്ടാവും. ഇന്ത്യൻ റബറിന് വിദേശത്ത് ആവശ്യകതയുണ്ട്.

ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്ന റബർ ഇവിടുത്തെ ആവശ്യത്തിന് തന്നെ തികയാത്ത സ്ഥിതിയാണ്. ഉൽപാദിപ്പിക്കുന്ന റബർ തികയാത്ത സ്ഥിതിയുള്ള ഏക റബർ ഉൽപാദക രാജ്യം ഇന്ത്യയാണ്.

പല കമ്പനികളും ആവശ്യപ്പെടുന്ന ഗുണമേന്മയുള്ള ഷീറ്റ് റബർ കേരളത്തിൽ കിട്ടാനില്ലാത്ത സാഹചര്യമാണന്ന് അദ്ദേഹം പറഞ്ഞു.

# പുതിയ കമ്പനി നിയമം ഉടൻ

ന്യൂഡൽഹി: കോർപറേറ്റ് മേഖലയിൽ കൂടുതൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിനു പുതിയ കമ്പനി നിയമത്തിന് കേന്ദ്ര സർക്കാർ രൂപം നൽകി. നിയമം ഇപ്പോൾ പാർലമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. പ്രമുഖ പാർലമെന്റേറിയൻമാർ ഉൾപ്പെടുന്ന സമിതി നിയമം പരിശോധിച്ചുവരികയാണ്.

മൂന്നോനാലോ ആഴ്ചകൾക്കുള്ളിൽ പുതിയ നിയമം നടപ്പിൽ വരുമെന്നാണു പ്രതീക്ഷിക്കുന്നതെന്ന് കമ്പനി കാര്യ സെക്രട്ടറി ആർ ബന്ദോപാധ്യായ പറഞ്ഞു.

കമ്പനികൾക്കു കൂടുതൽ നിയന്ത്രണങ്ങൾ പുതിയ നിയമത്തിൽ ഉണ്ടാകുമെന്ന് അദ്ദേഹം അറിയിച്ചു.

ജനങ്ങൾക്കു വിവിധ പ്രൊഫഷണൽ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ചാർട്ടേഡ് അക്കൗണ്ടന്റുകൾക്കും കമ്പനി സെക്രട്ടറിമാർക്കും അഭിഭാഷകർക്കും വൺ സ്റ്റോപ്പ് ഷോപ്പ് പോലെ പ്രവർത്തിക്കാവുന്ന സംരഭങ്ങൾ ആരംഭിക്കാൻ പരിമിത ബാധ്യതാ പങ്കാളിത്തനിയമം (ലിമിറ്റഡ് ലയബിലിറ്റി പാർണർഷിപ്പ് ആക്ട്) ഉറപ്പു നൽകുന്നതായി ബന്ദോപാധ്യായ പറഞ്ഞു.

കോർപ്പറേറ്റ് വിപണികളിൽ നിന്നു വിവരങ്ങൾ ശേഖരിക്കുന്നതിനും പരിശോധിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു.

ഇതിനുപുറമെ ഇ സ്റ്റാമ്പിംഗും നിലവിൽ വന്നു കഴിഞ്ഞു.

# ഇൻഡക്സ് എക്സിബിഷൻ പ്രശസ്തിയുടെ പ്രതീകം



സെക്രട്ടറിയുടെ കത്ത്

ഇൻഡക്സ് എക്സിബിഷൻ കെ എസ് എസ് ഐ എ കോട്ടയം ജില്ലാ ഘടകത്തിന്റെ പ്രശസ്തിയുടെ പ്രതീകമാണ്.

തുടർച്ചയായി 15-ാം വർഷത്തിൽ എത്തിനിൽക്കുന്ന ഈ വ്യവസായിക മഹോത്സവം തീർച്ചയായും ഓരോ വർഷം പിന്നിടുമ്പോഴും പ്രവർത്തന നിലവാരം മെച്ചപ്പെടുത്തിയിട്ടേ ഉള്ളു.

2010 ഇൻഡക്സ് എക്സിബിഷൻ വേറിട്ടൊരു 'ഇൻഡക്സ് കാർണിവലി'നാണ് രൂപം കൊടുത്തിട്ടുള്ളത്.

രാജ്യാന്തര നിലവാരത്തിലുള്ള റബ്ബർ അധിഷ്ഠിത ഉൽപന്നങ്ങളുടെയും യന്ത്രസാമഗ്രികളുടെയും ഇവയെ കൂടാതെ കോട്ടയം ജില്ലയുടെ വിവിധ മേഖലകളിൽ പ്രവർത്തന വിജയം കൈവരിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങളുടെയും ഉൽപന്നങ്ങളുടെയും സ്റ്റാളുകളും ഈ മേളയിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പൊതു മേഖലയിലുള്ള വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ സജീവ സാന്നിദ്ധ്യം കൊണ്ടും ഇത് ശ്രദ്ധേയമായിരിക്കും.

ഏതാണ്ട് നൂറിൽപരം സ്റ്റാളുകളും അതിനുപുറമെ ഫുഡ്കൗണ്ടറും എല്ലാ ദിവസവും വൈകുന്നേരം എന്റർറ്റെയിൻമെന്റ് പ്രോഗ്രാമുകളും 2010 ഇൻഡക്സിനെ ആകർഷണീയമാക്കും. ഇതിന്റെ ഇന്റീരിയർ ലേ-ഔട്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾ തികച്ചും നൂതന രീതിയിലായിരിക്കും.

ഏപ്രിൽ 15-18 വരെ കോട്ടയം സ്പോർട്സ് കൗൺസിൽ മൈതാനത്ത് നടക്കുന്ന ഈ മേളയുടെ ഉത്ഘാടനം റബ്ബർ ബോർഡ് ചെയർമാൻ സാജൻപീറ്റർ ഐ.എ.എസ്. ആണ് നിർവ്വഹിക്കുന്നത്. കെ. എസ്. എസ്. ഐ. എ കോട്ടയം ജില്ലാ കമ്മറ്റിയുടെ മറ്റ് അംഗങ്ങളുടെയും കൂട്ടായ പ്രവർത്തനഫലമാണ് ഈ മേള.

ഇൻഡക്സ് 2010 ന്റെ ഉത്തമമായ നടത്തിപ്പിനും വിജയത്തിനും കെ. എസ്. എസ്. ഐ. എ യുടെ എല്ലാ അംഗങ്ങളുടെയും സജീവ സാന്നിദ്ധ്യ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**എബ്രഹാം കുറിയാക്കോസ്**
**സെക്രട്ടറി, കെ. എസ്. എസ്. ഐ. എ. കോട്ടയം**

# സാങ്കേതിക മികവിൽ ഫോക്സ്വാഗൺ ജെറ്റ



ഓട്ടോ മിറർ

ഫോക്സ്വാഗൺമോഡലുകൾക്കു കേരളത്തിലിപ്പോൾ നല്ല ഡിമാൻഡാണ്. ഇതുവരെ കേരളത്തിൽ ഏറ്റവുമധികം വിൽപ്പന നടന്നത്. ജെറ്റ എന്ന മോഡൽ ഇടത്തരക്കാരന് താങ്ങാവുന്ന വിലയിൽ ഒരു അടിപൊളിലക്ഷ്വറി കാറാണിത്.

സാങ്കേതിക വിദ്യയിൽ പണ്ടേമുന്നിലാണ് ജർമ്മനി. ഒരു ലക്ഷ്വറി കാറിന് വേണ്ട ഒട്ടുമിക്ക സുഖസൗകര്യങ്ങളുമുണ്ട് ഇതിൽ. ഫോക്സ്വാഗന്റെ ജെറ്റ എന്ന മോഡൽ എൻജിൻ കരുത്തിലും ഇന്ധനക്ഷമതയിലും സുഖസൗകര്യങ്ങളിലുമൊക്കെ ഉപയോക്താവിനെ തൃപ്തിപ്പെടുത്തും.

ഫോക്സ്വാഗന്റെ എംബ്ലം ആലേഖനം ചെയ്ത ക്രോമിയം പൂശിയ മുൻ ഗ്രില്ലുകളാണ് ജെറ്റയ്ക്ക് ഗാംഭീര്യം നൽക്കുന്നതെന്ന് പറയാം. പ്രത്യേക ഹാലജൻ ഹെഡ് ലാമ്പുകളും ഏറോഡൈനാമിക്ക് ബോഡിയുമെല്ലാം ഇതിന്റെ ചന്തം വർദ്ധിപ്പിക്കുന്നു. എൽ ഇ ഡി ലൈറ്റുകൾ കൊണ്ട് നിർമ്മിതമാണ് ഇതിന്റെ ടെയിൽ ലാമ്പുകൾ. ഇന്റീരിയറുകളും അതിഗംഭീരം. ഡാഷ്ബോർഡും, മൾട്ടിഫംഗ്ഷൻ ഡിസ്പ്ലേബോർഡുകളും അതിമനോഹരം. തുകലിൽ തീർത്ത സീറ്റുകൾ സുഖകരവും വിസ്തരിച്ചുള്ള യാത്രയ്ക്ക് പാകത്തിലുള്ളവയുമാണ്. മുൻസീറ്റുകൾ ഡീലക്സ് സ്പോർട്സ്ടൈപ്പാണ്. ഡ്രൈവർക്കു പരമാവധി സുഖം പകരുന്ന രീതിയിലാണ് ഇതിന്റെ നിർമിതി.

മ്യൂസിക് സംവിധാനമുൾപ്പെടെ ഒട്ടുമിക്കസൗകര്യങ്ങളും സ്റ്റിയറിംഗിൽ അഡ്ജസ്റ്റ്ചെയ്യാം. പിൻസീറ്റ് മടക്കിവച്ച് ലഗേജ്സൗകര്യം വർധിപ്പിക്കാനുമാവും. ക്രൂയിസ് കൺട്രോൾ പോലെ പുതിയ തരത്തിലുള്ള സാങ്കേതിക വിദ്യകളും ഇതിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പെട്രോൾ, ഡീസൽ, മോഡലുകളിൽ ജെറ്റ ലഭ്യമാണ്.

1.6 ലിറ്റർ പെട്രോൾ മോഡലിന് 102 പി. എസ് @ 5600 ആർ പി എം ആണ് കരുത്ത്. ടോർക്ക് 148 എൻ എം @ 3800 ആർ പി എം. 1.9 ലിറ്ററിന്റെ ഡീസൽ എൻജിൻ 105 പി. എസ് @ 4000 ആർ പി എം ആണ് കരുത്ത്. 250 എൻ എം @ 1900 ആർ പി എം. പെട്രോൾ മോഡലിന് മണിക്കൂറിൽ 186 കിലോമീറ്ററും ഡീസൽ മോഡലിന് 189 കിലോമീറ്ററുമാണ് പരമാവധി വേഗത.

പരമാവധി കരുത്തിനൊപ്പം ഇന്ധനക്ഷമതയും യാത്രാസുഖവും നൽകാൻ കഴിവുള്ള മികച്ച എൻജിനുകളാണ് ഇവ രണ്ടും. ഫൈവ്



സ്പീഡ് മാനുവൽ ഗിയർ മോഡലുകളാണ് പെട്രോൾ, ഡീസൽ എൻജിനുകൾക്കുള്ളത്. ഓട്ടോമാറ്റിക്ക് ഗിയർ സംവിധാനമുള്ള ഡീസൽ മോഡലും ലഭ്യമാണ്.

സിക്സ് സിഡി ചേഞ്ചറോടുകൂടിയ മ്യൂസിക് സംവിധാനത്തിനൊപ്പം 10 ലൗഡ് സ്പീക്കറുകളും ഇൻബിൽഡ് എസ് ഡി കാർഡ് റീഡറുമുണ്ട്.

ആറ് എയർബാഗുകൾ, ഇലക്ട്രോണിക്ക് സ്റ്റെബിലൈസേഷൻ പ്രോഗ്രാം, എ ബി എസ്, ഇലക്ട്രിക്കലായി അഡ്ജസ്റ്റു ചെയ്യുന്ന ലൈറ്റിംഗ് സംവിധാനം, ഇലക്ട്രിക്ക് ഇമ്മൊബിലൈസർ, റെയിൻ സെൻസർ, ആന്റി തെഫ്റ്റ് വാണിംഗ് സംവിധാനം, ട്രാക്ഷൻ കൺട്രോൾസംവിധാനം തുടങ്ങി സുരക്ഷാ സംവിധാനങ്ങളുടെ ഒരു നിരതന്നെയുണ്ട് ജെറ്റയിൽ.

16 ഇഞ്ച് ടൊറൊന്റോ അലോയ് വീലുകൾ ഇതിന് ഒരു പ്രത്യേക ഗാംഭീര്യം നൽകുന്നു. മുൻപിൻ സീറ്റുയാത്രക്കാർക്ക് സൗകര്യത്തിനനുസരിച്ച് ലഭ്യമാകുന്ന രീതിയിലുള്ള പ്രത്യേക എയർകണ്ടീഷനിംഗ് സംവിധാനമാണ് ഇതിനുള്ളത്. 527 ലിറ്ററാണ് ഇതിന്റെ ലഗേജ് സൗകര്യം. 13,00,775 രൂപയാണ് പെട്രോൾ മോഡലിന്റെ എക്സ് ഷോറുംവില. രണ്ട് തരത്തിലുള്ള ഡീസൽ മോഡലുകളുണ്ട്.

മാനുവൽ ഗിയർമോഡലിന് 13,98,409 രൂപയാണ് എക്സ്ഷോറൂം വില. 15,51,232 രൂപയാണ് ഓൺറോഡ് വില. ഓട്ടോമാറ്റിക്ക് ഗിയർ മോഡലിന് 18,16,699 രൂപയാണ് ഓൺറോഡ്‌വില.

വ്യവസായ നാദം
ഏപ്രിൽ 2010

**റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾക്ക് അന്താരാഷ്ട്ര സാദ്ധ്യതകളുടെ വിശാലമായ വാതായനങ്ങൾ തുറന്നിട്ടുകൊണ്ട് ഇൻഡക്സ് 2010 ന് വേദി ഉയരുന്നു. ഏപ്രിൽ 15 മുതൽ 18 വരെ കോട്ടയം നാഗമ്പടം സ്പോർട്സ് കൗൺസിൽ മൈതാനത്ത് നടക്കുന്ന മഹാമാമാങ്കത്തിന്റെ അന്തിമഘട്ട ഒരുക്കങ്ങളെപ്പറ്റി കെ. എസ്. എസ്. ഐ. എ കോട്ടയം യൂണിറ്റ് പ്രസിഡന്റ് ഡോ. ജോർജ് തോമസ് പെരിങ്ങേരിൽ മനസ് തുറക്കുന്നു.**

അഭിമുഖം തയാറാക്കിയത്: **സാബു പുളിന്തറക്കുന്നേൽ**

# പ്രതീക്ഷയോടെ ഇൻഡക്സ് 2010 ലേക്ക്

**●ഇൻഡക്സ് 2010 ഇതാ വിളിപ്പാടകലെ. ഒരുക്കങ്ങൾ എന്തൊക്കെ? എങ്ങനെയൊക്കെ?**

●●ഇൻഡക്സ് 2010ന്റെ ഒരുക്കങ്ങൾ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. ക്രമീകരിച്ചിരിക്കുന്ന 107 സ്റ്റാളുകളിൽ തൊണ്ണൂറോളം മാർച്ച് പകുതിയോടെ തന്നെ അഡ്വാൻസ് ബുക്കിംഗായി. അവശേഷിക്കുന്നവയുടെ കാ രൃത്തിലും ധാരണ ആയിക്കഴിഞ്ഞിരിക്കുന്നു. സ്വദേശത്തുനിന്നും വിദേശത്തുനിന്നുമായി ഇപ്പോഴും നിരവധി എൻക്വയറികളാണ് ദിവസവും വന്നുകൊണ്ടിരിക്കുന്നത്.

**●എന്തിനാണ് ഇത്തവണത്തെ മുഖ്യ ഊന്നൽ?**

●●ഏറ്റവും കൂടുതൽ ഫോക്കസിംഗ് എസ്. എസ്. ഐ സെക്ടറിനാണ്. ചെറുകിട വ്യവസായത്തെ പരമാവധി മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതാണ് എക്സിബിഷൻകൊണ്ട് ഉദ്ദേശിക്കുന്നത് . പല ചെറുകിട വ്യവസായയൂണിറ്റുകളും മാർക്കറ്റിംഗ് സ്ട്രാറ്റജിയുടെ പോരായ്മകൾകൊണ്ട് വൻ പ്രതിസന്ധി നേരിടുന്നു. 107 സ്റ്റാളുകളിൽ തന്നെ എഴുപതോ ളം സ്റ്റാളുകളിൽ എസ്. എസ്. ഐ യൂണിറ്റുകൾക്കുള്ളതാണ്. മെഷിനറി മാനുഫാക്ച്ചേഴ്സ്, വിവിധങ്ങളായ ഉൽപ്പന്നങ്ങൾ തുടങ്ങിയവ എല്ലാമുണ്ടാവും ഇവിടെ. ഇവർക്കെല്ലാം ഒരു വിപുലമായ വിപണി ഉണ്ടാക്കുകയാണ് ലക്ഷ്യം. കൂടാതെ ശ്രീലങ്ക, ഇന്ത്യാനേഷ്യ, ദുബായ്, സൗദി, കുവൈറ്റ് എന്നീ വിദേശ രാജ്യങ്ങളിലെല്ലാം വൈഡ് പബ്ലിസിറ്റി തന്നെ കൊടുത്തതിനെ തുടർന്ന് നിരവധിപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹോൾസെയിൽ ബയേഴ്സായ ഇവരുടെ സാന്നിദ്ധ്യം എക്സിബിഷനിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തരവിപണിയിൽ നിന്നുമുണ്ട് നിരവധി അന്വേഷണങ്ങൾ. കേരളത്തിനുപുറത്ത് മുബൈ, ഡൽഹി, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നിന്നാവും കൂടുതൽ ബയേഴ്സ് എത്തുക. അവസരങ്ങൾ കൂടിയത് മുതലെടുക്കുന്നതിന് ഈ എക്സിബിഷന് കഴിയുമെന്നാണ് എന്റെ പ്രതീക്ഷ.

**●ഇൻഡക്സ് കഴിഞ്ഞ തവണത്തേതുമായി ഒന്ന് താരതമ്യപ്പെടുത്തിയാൽ എങ്ങനെ?**

●●കഴിഞ്ഞപ്രാവശ്യം മേളയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇക്കുറി ഇതിന് മുന്നോടിയായിതന്നെ ഒരു കൺസൾട്ടൻസിയെ നിയോഗിച്ചു. അവർ ശ്രീലങ്ക, മലേഷ്യ, ഇന്ത്യോനേഷ്യ, സൗദി, കുവൈറ്റ് എന്നിവിടങ്ങളിലെല്ലാമെത്തി വിവിധങ്ങളായ ചേംബർ ഓഫ് കൊമേഴ്സുകളുമായി ചർച്ച നടത്തി. ഇന്ത്യാ ഗവൺമെന്റിന്റെ എൻ. എസ്. ഐ. സി, എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ തുടങ്ങിയ ഏജൻസികളുമായും ഫലപ്രദമായി ചർച്ച നടത്താൻ കഴിഞ്ഞു. അതിന്റെ വെളിച്ചത്തിൽ വിവിധ രാജ്യങ്ങളിൽനിന്നുള്ള ഡെലിഗേറ്റ്സിന്റെ സാന്നിദ്ധ്യം ഉറപ്പാക്കാനും ഇത്തവണ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഇന്റർനെറ്റിലൂടെയും, ട്രേഡ്ഇന്ത്യ, ഇന്ത്യാ മാർട്ട് എന്നിവയിലൂടെയുമൊക്കെ മേളയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിലെത്തിക്കാനും കഴിഞ്ഞിട്ടുണ്ട്.

ഏപ്രിൽ 15ന് റബ്ബർബോർഡ് ചെയർമാൻ സാജൻ പീറ്ററാണ് മേള ഉദ്ഘാടനം ചെയ്യുന്നത്. മൊത്തം 50,000 പേർ മേളയിലെത്തുമെന്നാണ് പ്രതീക്ഷ.

**●ഇൻഡക്സ് മുന്നൊരുക്കങ്ങളിൽ ഒപ്പം ചുവടുറപ്പിച്ചിട്ടുള്ളവരെപ്പറ്റി?**

●●ഇപ്രാവശ്യം ഏറ്റവും ശക്തമായി നമ്മോടൊപ്പം നിലയുറപ്പിച്ചിരിക്കുന്നത് എൻ.എസ്. ഐ.സിയാണ്. അവർ അമ്പത് എസ്. എസ്. യൂണിറ്റുകൾക്ക് ഇതിൽ പങ്കെടുക്കുന്നതിന് ഫൈനാൻഷ്യൽ ഹെൽപ്പ് ചെയ്തിരിക്കുന്നു. എം എസ് എംഇയും മേളയെ പ്രമോട്ടുചെയ്യുന്നു. റബ്ബർബോർഡും വളരെ താൽപര്യത്തോടെയുണ്ട്. സെമിനാറുകളും മറ്റും ഭംഗിയായി നടത്തുന്നതിന് സഹകരിക്കുന്നതോടൊപ്പം റ

**ഏറ്റവും കൂടുതൽ ഫോക്കസിംഗ് എസ്. എസ്. ഐ സെക്ടറിനാണ്. ചെറുകിടവ്യവസായത്തെ പരമാവധി മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതാണ് ഈ എക്സിബിഷൻകൊണ്ട് ഉദ്ദേശിക്കുന്നത് . പല ചെറുകിട വ്യവസായയൂണിറ്റുകളും മാർക്കറ്റിംഗ് സ്ട്രാറ്റജിയുടെ പോരായ്മകൾകൊണ്ട് വൻ പ്രതിസന്ധി നേരിടുന്നു.**

ബ്ബർബോർഡിന്റെ റിസേർച്ച് വിംഗിന്റെ പൂർണസഹകരണവും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ, പ്രത്യേകിച്ചും ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിന്റെ പൂർണപിന്തുണയുമുണ്ട് മേളയ്ക്ക്.

**●മേളയോടനുബന്ധിച്ചുള്ള വൈവിധ്യമാർന്ന പരിപാടികൾ എന്തൊക്കെ?**

●●നാലുദിവസം നീളുന്നതാണ് മേള. പത്തു രൂപയാണ് പ്രവേശന ഫീസ്. ബിസിനസ് വിസിറ്റേഴ്സിന് പ്രവേശനം സൗജന്യമാണ്.

International 2010
index
Industrial Machinery & Rubber Expo

നേരത്തെ രജിസ്റ്റർ ചെയ്തിരിക്കുന്നവർക്ക്. പാസ് ഓൺലൈനിൽ തന്നെ ലഭ്യമാക്കിയിട്ടുണ്ട്. ഓരോദിവസവും വൈവിധ്യമാർന്ന പരിപാടികളാണ് ക്രമീകരിച്ചിരിക്കുന്നത്. ഐഡിയാ സ്റ്റാർ സിംഗർ ഗ്രൂപ്പ് നയിക്കുന്ന ഗാനമേള, ബാംഗ്ലൂർ ടീമിന്റെ ഫാഷൻ ഷോ, സിനിമാറ്റിക് ഡാൻസ്, സിനിമാല ഗ്രൂപ്പിന്റെ മിമിക്സ് പരേഡ് എന്നിവയാണ് വിവിധ ദിവസങ്ങളിലെ പരിപാടികൾ.

**●കെ.എസ്.എസ്.ഐ.എ കോട്ടയം യൂണിറ്റ് പ്രസിഡന്റ് എന്ന നിലയിൽ ഇൻഡക്സ് 2010 നെപ്പറ്റിയുള്ള പ്രതീക്ഷ?**

●●പതിനഞ്ചാമത്തെ ഇൻഡക്സാണിത്. അതായത് ഞാൻ പ്രസിഡന്റായശേഷം നടക്കുന്ന രണ്ടാമത് മേള. പൂർണ്ണമായും ഒരു ബിസിനസ് അധിഷ്ഠിത മേളയ്ക്കാണ് ഇക്കുറി തുടക്കം മുതൽ ശ്രമിച്ചുവന്നത്. യു.എസിലും യു.കെയിലുമൊക്കെ നടക്കുന്ന വിവിധ എക്സിബിഷനുകളിൽ ഞാൻ പങ്കെടുത്തപ്പോൾ, അവിടെയെല്ലാം 'പ്യുവർ ബിസിനസ്' മാത്രമാണ് നടക്കുന്നതെന്ന് എനിക്ക് ബോധ്യപ്പെട്ടു. മുൻവർഷങ്ങളിലൊക്കെ നമ്മൾ കൂടുതലായി ചെയ്തിരുന്നത് കൗണ്ടർ സെയിലാണ്. പരമാവധി ബി സിനസ് സാദ്ധ്യതകളെ വർദ്ധിപ്പിക്കാനുതകുന്നതരത്തിൽ ട്രേഡ് എൻക്വയറികൾ ഉണ്ടാക്കിയെടുക്കുവാനാണ് ഇത്തവണ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ട്രേഡ് എൻക്വയറിയാണ് പ്രതീക്ഷിക്കുന്നതെങ്കിൽ അതിനുവേണ്ടിയുള്ള മാർക്കറ്റിംഗ് സ്ട്രാറ്റജി തന്നെ സ്വീകരിക്കണം. പ്രോഡക്റ്റിന്റെ സാമ്പിൾ മാത്രം കണ്ട് ഓർഡർ ബുക്കുചെയ്യാനുള്ള സൗകര്യം ഇവിടെയും ഉണ്ടാവണമെന്നാണ് ആഗ്രഹിക്കുന്നത്. ഇത് പൂർണമായും ഇത്തവണ വിജയിച്ചിട്ടില്ലെങ്കിലും മുൻകാലങ്ങളെ അപേക്ഷിച്ച് ഏറെ വ്യത്യസ്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭാവിയിൽ ഇൻഡക്സ് എന്നത് റബ്ബർ അധിഷ്ഠിത യൂണിറ്റുകളുടെയും മറ്റും ഒരു സീരിയസ് ട്രേഡ് എക്സിബിഷനാക്കി മാറ്റണമെന്നതാണ് എന്റെ ആഗ്രഹം.

**●വിദേശരാജ്യങ്ങളിൽനിന്നും എത്തുന്നവർക്കിടയിൽ കേരളത്തെപ്പറ്റി ആശങ്കകൾ ഒട്ടേറെയുണ്ട്. ഈ സാഹചര്യത്തിൽ മേളയുടെ പ്രാധാന്യത്തെപ്പറ്റി എത്രമാത്രം ബോധവൽക്കരണം നൽകാൻ കഴിഞ്ഞിട്ടുണ്ട്?**

●●ജർമനിയിലെ സന്ദർശനത്തിനിടെ ഒരാളെ കണ്ടത് ഓർമ്മിക്കുന്നു– 'കയർ' എന്ന് പറഞ്ഞപ്പോൾ 'ആലപ്പുഴ' എന്ന് തിരിച്ചുപറഞ്ഞ ഒരു

**ജർമനിയിലെ സന്ദർശനത്തിനിടെ 'കയർ' എന്ന് പറഞ്ഞപ്പോൾ 'ആലപ്പുഴ' എന്ന് തിരിച്ചുപറഞ്ഞ ഒരു സുഹൃത്തിനെ കണ്ടു. കോട്ടയം എന്ന് പറഞ്ഞപ്പോൾ അയാൾ കേട്ടിട്ടേയില്ല. ഇന്ത്യയിലെ മൊത്തം റബ്ബർ ഉൽപാദനത്തിന്റെ 94 ശതമാനവും കോട്ടയം ജില്ലയുടേതാണെന്നിരിക്കെ, ജില്ലയെ അന്താരാഷ്ട്രതലത്തിലേക്ക് എന്തുകൊണ്ട് ഉയർത്തിക്കാട്ടിക്കൂടാ എന്നൊരു ചിന്ത എന്നിലുണ്ടായത് ഇവിടെവച്ചാണ്.**

സുഹൃത്ത്. കോട്ടയം എന്ന് പറഞ്ഞപ്പോൾ ഇങ്ങനെയൊരു നാടിനെപ്പറ്റി അയാൾ കേട്ടിട്ടേയില്ലെന്നായിരുന്നു മറുപടി. ഇന്ത്യയിലെ മൊത്തം റബ്ബർ ഉൽപ്പാദനത്തിന്റെ 94 ശതമാനവും കോട്ടയം ജില്ലയുടേതാണെന്നിരിക്കെ, ജില്ലയെ അന്താരാഷ്ട്രതലത്തിലേക്ക് എന്തുകൊണ്ട് നമുക്ക് ഉയർത്തിക്കാട്ടിക്കൂടാ എന്നൊരു ചിന്ത എന്നിലുണ്ടായത് ഇവിടെവച്ചാണ്. 14,000 എസ്.എസ്.ഐ യൂണിറ്റുകളുള്ള കോട്ടയം ജില്ലയിൽ രണ്ടായിരത്തോളവും റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റുകളാണ്.

International 2010
index
Industrial Machinery & Rubber Expo

ഇവയെ പരസ്പരം കോർത്തിണക്കിയാൽ അനന്ത സാദ്ധ്യതകളാണ് വിദേശ മാർക്കറ്റിലും ആഭ്യന്തരമാർക്കറ്റിലും ഉണ്ടാക്കാൻകഴിയുക. ഇൻഡക്സ് 2010 കഴിയുമ്പോൾ ഇതിന്റെയൊരു പതിനഞ്ചുശതമാനമെങ്കിലും നേടിയെടുക്കാൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. ഇല്ലെങ്കിൽ തന്നെ തുടർന്നുവരുന്ന ഏതാനും വർഷങ്ങ ൾക്കുള്ളിൽ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് എനിക്കുറപ്പുണ്ട്. ട്രേഡ് എൻക്വയറി പരമാവധി ഉണ്ടാക്കിയെടുത്താൽ മാത്രമേ ശാശ്വതഫലം ലഭിക്കുകയുള്ളൂ. സന്ദർശകരായി പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നവരിൽ 40 ശതമാനവും ഭാവിയിൽ പ്രതീക്ഷ നൽകുന്നവരാണ്.

**●സാമ്പത്തികമാന്ദ്യം സ്വദേശത്തും വിദേശത്തുമായി ഏതെങ്കിലും തരത്തിൽ ഇൻഡക്സ് ഒരുക്കങ്ങളെ ബാധിച്ചിട്ടുണ്ടോ?**

●●നിലവിൽ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഒരു തരത്തിലുള്ള പ്രത്യാഘാതങ്ങളും ഇൻഡക്സ് 2010 നെ ബാധിക്കില്ല എന്നു തന്നെയാണ് എന്റെ വിശ്വാസം. സാധാരണ ഗതിയിൽ സ്റ്റാളുകളുടെ ബുക്കിംഗും മേളയെപ്പറ്റിയുള്ള എൻക്വയറിയുമൊക്കെ അവസാന ഘട്ടത്തിലാണ് ഊർജിതമായി നടക്കുന്നത്. എന്നാൽ ഇക്കുറി ഇതെല്ലാം വളരെ നേരത്തെ തന്നെ നടന്നുവെന്നത് ഇതാണ് തെളിയിക്കുന്നത്.

**●മേളയുടെ തീം 'പ്ലാന്റേഷൻ റ്റു വാല്യു അഡിഷനെ'പ്പറ്റി?**

●●റബ്ബർ അധിഷ്ഠിതമായ ഒരു തീമാണ് 'പ്ലാന്റേഷൻ റ്റു വാല്യു അഡിഷൻ'. അത്യാധുനിക സാങ്കേതിക വിദ്യകളും പരിശീലന സൗകര്യങ്ങളും ഗവേഷണത്തിനുള്ള അനന്തസാദ്ധ്യതകളുമെല്ലാമുള്ള നാടാണ് കോട്ടയം. ചുരുക്കത്തിൽ കോട്ടയത്തിന് ശോഭനമായ ഒരു ഭാവിയാണ് റബ്ബർ അധിഷ്ഠിത വ്യവസായ രംഗത്തുള്ളത്. കോട്ടയത്തെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ ഒരു ഹബ്ബാക്കി മാറ്റുകയാണ് ലക്ഷ്യം.

**●വിഭാവനം ചെയ്യപ്പെടുന്ന വേറിട്ട പ്രവർത്തനശൈലി തുടർന്നെത്തുന്നവരുടെ കൈകളിൽ ഭദ്രമാണെന്ന് കരുതുന്നുണ്ടോ?**

●●തികച്ചും ജനാധിപത്യമര്യാദകളോടെ മാത്രം പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് കെ.എസ്.എസ്.ഐ.എ. ജനാധിപത്യപരമായി തന്നെയാണ് പ്രസിഡന്റ് അടക്കമുള്ള സംഘടനയുടെ സാരഥികൾ ഇവിടെ തെരഞ്ഞെടുക്കപ്പെടുന്നത്. നന്നായി ശോഭിക്കുമെന്ന് ഉറപ്പുള്ളവർമാത്രം ആ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ചരിത്രമാണ് നാളിതുവരെയുള്ളത്.

**റബ്ബർ അധിഷ്ഠിതമായ ഒരു തീമാണ് 'പ്ലാന്റേഷൻ റ്റു വാല്യു അഡിഷൻ'. അത്യാധുനിക സാങ്കേതിക വിദ്യകളും പരിശീലന സൗകര്യങ്ങളും ഗവേഷണത്തിനുള്ള അനന്തസാദ്ധ്യതകളുമെല്ലാമുള്ള നാടാണ് കോട്ടയം. ചുരുക്കത്തിൽ കോട്ടയത്തെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ ഒരു ഹബ്ബാക്കി മാറ്റുകയാണ് ലക്ഷ്യം.**

തീർച്ചയായും ഇനിയും ഈ സ്ഥാനത്തേക്ക് എത്തുന്നവർ വളരെ ശക്തമായിതന്നെ ഇതു സംബന്ധിച്ച ചുവടുവെപ്പുകൾ നടത്തുമെന്നും നിലപാടുകൾ കൈക്കൊള്ളുമെന്നും എനിക്ക് ഉറപ്പുണ്ട്.

അധികാരസ്ഥാനങ്ങളിൽ എത്തുന്നവരെല്ലാംതന്നെ സ്വതസിദ്ധമായ ശൈലിയുള്ളവരാണ്. ദീർഘനാളത്തെ അനുഭവപരിചയവും ഇവർക്ക് കൈമുതലായുണ്ട്. കൈമാറിയെത്തിയ ഈ ദീപശിഖ ഭാവിയിൽ സംഘടനയുടെ സാരഥികളുടെ കരങ്ങളിൽ ഭദ്രമാണെന്നുതന്നെയാണ് എന്റെ ഉറച്ചവിശ്വാസം. ●

# റിസർവ് ബാങ്ക് റിപ്പോനിരക്ക് ഉയർത്തുമ്പോൾ




നാണയപ്പെരുപ്പത്തിന്റെ തോത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ റിസർവ് ബാങ്ക് റിപ്പോ നിരക്കുകളിൽ വർധന വരുത്തികഴിഞ്ഞിരിക്കുകയാണ്.

ബാങ്കിംഗ് മേഖല ഒട്ടും പ്രതീക്ഷിക്കാതിരുന്ന സമയത്താണു റിസർവ് ബാങ്ക് റിപ്പോ നിരക്കുകളിൽ വർധന വരുത്തിയിരിക്കുന്നത്. ധനകാര്യ വൃത്തങ്ങളിൽ ഈ നടപടി ഏറെ വാർത്താപ്രാധാന്യം സൃഷ്ടിച്ചിരിക്കുന്നു.

റിപ്പോ (റിസർവ് ബാങ്കിൽ നിന്നും ബാങ്കുകൾ വാങ്ങുന്ന തുക) നിരക്ക് 25 പോയിന്റ് അടിസ്ഥാനത്തിൽ അഞ്ച് ശതമാനം ഉയർത്തി. അതേസമയം റിവേഴ്സ് റിപ്പോ (റിസർവ് ബാങ്കിൽ സൂക്ഷിക്കുന്ന ബാങ്കുകളുലെ അധികപണം) നിരക്ക് നേരത്തെ തന്നെ 3.25 ശതമാനത്തിൽ നിന്നു 3.5 ശതമാനമായി ഉയർത്തിയിരുന്നു. റിസർവ് ബാങ്കിന്റെ ധനകാര്യ നയം ഇനിയും വരാനിരിക്കുന്നതിനാൽ ഇപ്പോഴത്തെ നിരക്ക് വർധന പ്രതീക്ഷിച്ചതില്ല. കഴിഞ്ഞ ജനുവരിയിൽ കരുതൽ ധനാനുപാതത്തിൽ 5.75 ശതമാനം വർധന വരുത്തിയിരുന്നു. അന്ന് 75 അടിസ്ഥാന പോയിന്റിലായിരുന്നു ഈ വർധന.

റിപ്പോ നിരക്കുകളിൽ റിസർവ് ബാങ്ക് വർധന വരുത്തിയതിനെ തുടർന്ന് രാജ്യത്തെ ബാങ്കുകൾ ഇനിയുള്ള പലിശ നിരക്കുകളിൽ വർധന വരുത്താൻ സാധ്യതയുണ്ട്. അതിന്റെ പ്രഥമസൂചന ആഗോളതലത്തിൽ ഉണ്ടാകുന്ന സാമ്പത്തിക ചലനങ്ങൾക്കനുസരിച്ചാണ് ഇന്ത്യൻ കേന്ദ്രബാങ്കും അതിന്റെ ധനകാര്യനയങ്ങളിൽ മാറ്റം വരുത്തുന്നത്. ഓസ്ട്രേലിയ, മലേഷ്യ സെൻട്രൽ ബാങ്കുകൾ അടുത്തിടെ നിരക്കുകൾ വർദ്ധിപ്പിച്ചിരിക്കുന്നു. നോർവെ, ഇസ്രായേൽ ബാങ്കുകൾ കഴിഞ്ഞവർഷം തന്നെ നിരക്കുവർധന പ്രഖ്യാപിച്ചു. യുഎസ്. ഫെഡറൽ റിസർവും യൂറോപ്യൻ സെൻട്രൽബാങ്കും നിരക്കു വർധന നീക്കത്തിലാണ്.

ധനഅനുപാത നിരക്കിൽ നേരത്തെ വർധന വരുത്തിയതിനെതുടർന്നു ഇന്ത്യയിലെ ബാങ്കുകൾ പലിശനിരക്കിൽ അടുത്ത മാസം മുതൽ മാറ്റം വരുത്തിയേക്കുമെന്ന് സൂചന ഉണ്ടായിരുന്നു. അതിനിടയിലാണ് റിപ്പോനിരക്ക് ഭേദഗതി.

ഇതിനകം പലിശ നിരക്കിൽ ഉടൻ മാറ്റം വരുത്താൻ സാധ്യതയില്ലെന്നാണ് ചില ബാങ്കുകൾ വ്യക്തമാക്കിയിരിക്കുന്നത്. റിസർവ് ബാങ്കിന്റെ അനുമതിയോടെ മാത്രമെ നിരക്കുകളിൽ വർധന വരുത്തുകയുള്ളുവെന്ന് ആന്ധ്രാബാങ്ക് ചെയർമാൻ ആർഎസ് റെഡ്ഡി ചൂണ്ടിക്കാട്ടിയിരുന്നു. നിക്ഷേപ നിരക്കുകളുടെ കാര്യത്തിൽ ഇപ്പോൾതന്നെ ചില മാറ്റങ്ങൾ നിലവിലുണ്ടെന്നും ഇനി കാര്യമായ ഒരു മാറ്റം ഉടൻ ഉണ്ടാവില്ലെന്നു യെസ് ബാങ്ക് എംഡി റാണാ കപൂർ പറയുമ്പോൾ നിലവിൽ വിപണിയിൽ വേണ്ടത്ര ധനം ഉണ്ടെന്നും മറ്റുമുള്ള കാര്യങ്ങൾ കാത്തിരുന്നു കാണണമെന്നുമാണ് ഐസിഐസിഐ എംഡി. ചന്ദ കൊച്ചാർ പറയുന്നത്. എന്നാൽ പണത്തിനു വേണ്ടി കൂടുതൽ ചെലവു നടത്തേണ്ടിവരുമെന്ന അടയാളമാണു റിസർവ് ബാങ്കിന്റെ നടപടിയിലൂടെ തെളിയുന്നതെന്ന് എസ്ബിഐ ചീഫ് ഫിനാൻഷ്യൽ ഓഫീസർ എസ് എസ് രഞ്ജൻ പറയുന്നു.

മൂന്നുവർഷത്തെ ഫിക്സഡ് നിരക്കിൽ വായ്പ അനുവദിച്ചിട്ടുണ്ട്. പലിശനിരക്ക് ഉയരുമ്പോൾ കോർപറേറ്റ് സ്ഥാപനങ്ങൾ കൂടുതൽ വായ്പയ്ക്കായി ബാങ്കുകളെ സമീപിക്കും. ഇത് അടുത്ത ചില മാസങ്ങൾക്കുള്ളിൽ പ്രതീക്ഷിക്കാമെന്ന് ഹിന്ദുജയുടെ ചീഫ് ഫിനാൻഷ്യൽ ഓഫീസർ പ്രബൽ ബാനർജി പറയുന്നു. 2008 ജൂലൈയിൽ റിപ്പോ നിരക്ക് 50 പോയിന്റ് കൂട്ടിയശേഷം ആദ്യമായാണു വീണ്ടും നടപടി ഉണ്ടാകുന്നത്. റിവേഴ്സ് റിപ്പോ നിരക്ക് അവസാനം കൂട്ടിയത് 2006 ജൂലൈയിലാണ്. അന്ന് 25 പോയിന്റാണ് വർധിപ്പിച്ചത്.

സാമ്പത്തിക വളർച്ചയെ ബാധിക്കാതെ നാണയപ്പെരുപ്പത്തിന്റെ തോത് നിയന്ത്രണത്തിന്റെ ഭാഗമാണ് റിസർവ് ബാങ്കിന്റെ ഇപ്പോഴത്തെ നടപടി. നാണയപ്പെരുപ്പം ഉയർന്നു



നിൽക്കുന്നതോടൊപ്പം മൊത്തവില സൂചികയും ഇരട്ടഅക്കത്തിലെത്തി നിൽക്കുന്നു. വ്യവസായിക വളർച്ചയുടെയും കയറ്റുമതിയുടെയും വർധനയും ബാങ്ക് വായ്പയുടെ തോതിലുള്ള വർധനയും സമ്പദ്‌രംഗം തിരിച്ചുവരവിന്റെ പാതയിലാണെന്നു തെളിയിച്ചിരിക്കുകയാണെന്ന നിലപാടിലാണ് റിസർവ്ബാങ്ക്.

## അടുത്ത സാമ്പത്തികവർഷം 8.5 ശതമാനം വളർച്ച

അടുത്ത സാമ്പത്തികവർഷം രാജ്യം 8.5 ശതമാനത്തിന്റെ വളർച്ച കൈവരിക്കുമെന്ന് പ്രതീക്ഷ പ്രകടിപ്പിച്ചിരിക്കുകയാണ് പ്രധാനമന്ത്രി മൻമോഹൻസിംഗ്. തുടർന്നുവരുന്ന 2011-12 സാമ്പത്തികവർഷം രാജ്യം തിരികെ ഒൻപത് ശതമാനം വളർച്ചയിലേക്ക് കയറുമെന്നും പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ (2012-17) രാജ്യം പത്തു ശതമാനത്തിന്റെ വളർച്ചയിലെത്തുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു.

ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിനും യുവാക്കൾക്കു കൂടുതൽ തൊഴിൽ നൽകുന്നതിനും മുൻഗണന നൽകുന്ന പദ്ധതിയിൽ രാജ്യത്തിന് വൻ പ്രതീക്ഷയാണുള്ളതെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. അടിസ്ഥാന വികസനം സംബന്ധിച്ച വിഷയത്തിൽ ആസൂത്രണ കമ്മീഷൻ സംഘടിപ്പിച്ച ചടങ്ങിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോഴാണ് സാമ്പത്തിക വിദഗ്ധൻകൂടിയായ പ്രധാനമന്ത്രി മൻമോഹൻ സിംഗ് തന്റെ നിലപാട് വ്യക്തമാക്കിയത്.

പതിനൊന്നാം പഞ്ചവത്സരപദ്ധതി ലക്ഷ്യമിട്ടിരുന്ന ഒൻപതു ശതമാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ പുനവിശകലനം വേണ്ടിവന്നതിന്റെ പ്രാധാന്യം വെളിവാക്കുന്നതായിരുന്നു പ്രധാനമന്ത്രിയുടെ പ്രസംഗം.

സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ നടപ്പുവർഷം സാമ്പത്തിക വളർച്ച 7.2 ശതമാനമായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

# ആരോഗ്യസംരക്ഷണത്തിന് ഹെൽത്ത് പ്രൊട്ടക്ഷൻ പ്ലസ്



ജേക്കബ് വി. ജെ. വാഴേപ്പറമ്പിൽ




എൽ ഐ സി യുടെ ചരിത്രത്തിൽ ആദ്യമായാണ് ഹെൽത്ത് ഇൻഷുറൻസിനെ കേന്ദ്രീകരിച്ച് ഒരു പോളിസി ആരംഭിക്കുന്നത്. ഹെൽത്ത് പ്രൊട്ടക്ഷൻ പ്ലസ് എന്ന പേരോടുകൂടി തുടങ്ങിയ ഈ പോളിസിയിൽനിന്ന് പ്രധാനമായും മൂന്നു തരത്തിലാണ് ആനുകൂല്യം ലഭിക്കുന്നത്. വിശദാംശങ്ങൾചുവടെ.

HOSPITAL CASH BENEFIT (H C B)

ഇൻഷ്വർ ചെയ്ത വ്യക്തി അസുഖം മൂലമോ, അപകടം മൂലമോ, കുറഞ്ഞത് 52 മണിക്കൂർ ആശുപത്രിയിൽ ചികിത്സ തേടേണ്ടിവന്നാൽ പോളിസി നിബന്ധനപ്രകാരം 250 രൂപ മുതൽ 2500 രൂപവരെ ദിവസേന കാഷ്ബെനിഫിറ്റ് ഇനത്തിൽ ലഭ്യമാകും.

ഇത് ഓരോ വർഷവും അഞ്ച് ശതമാനംവീതം വർദ്ധിക്കും.

ഐസിയു വിലാണ് രോഗിയെ ചികിത്സിക്കുന്നതെങ്കിൽ ഇരട്ടി തുകയാണ് കാഷ്ബെനിഫിറ്റായി ലഭിക്കുക.

പോളിസി കാലയളവിൽ 365 ദിവസം വരെയാണ് ഈ ആനുകൂല്യം.

നിബന്ധനകൾ.

1. ആശുപത്രിയിൽ പ്രവേശിച്ച ആദ്യ 48 മണിക്കൂറിലെ ചികിത്സാചിലവിൽ ഈ സ്കീമനുസരിച്ച് ആനുകൂല്യം ലഭിക്കുന്നതല്ല.
2. ആദ്യ പോളിസി വർഷത്തിൽ ആദ്യത്തെ ആറ് മാസത്തേയ്ക്ക് യാതൊരു ബെനിഫിറ്റും ലഭിക്കില്ല.
3. ആദ്യ പോളിസി വർഷത്തിൽ 18 ദിവസത്തെ കാഷ്ബെനിഫിറ്റാണ് ലഭിക്കുക.
4. എന്നാൽ അപകടം മൂലമുള്ള ചികിത്സയ്ക്ക് ആദ്യ ആറ് മാസകാലയളവ് ബാധകമല്ല.

MAJOR SURGICAL BENEFIT (M S R)

ഇൻഷ്വർ ചെയ്ത വ്യക്തിക്ക് മേജർ സർജറി ആവശ്യമായി വന്നാൽ ഉപയോഗിക്കുവാനാണ് ഇത്. പോളിസി വർഷത്തിൽ ഇൻഷ്വർ ചെയ്ത തുകയ്ക്ക് തുല്യമായ തുകയാണ് പരിരക്ഷയ്ക്കായി ലഭിക്കുന്നത്. ഒരു വ്യക്തിക്ക് പോളിസി കാലയളവിൽ മൂന്ന് തവണയാണ് ആനുകൂല്യം ലഭിക്കുന്നത്. പോളിസി തുടങ്ങി ഒരു ദിവസം കഴിഞ്ഞാൽ മാത്രമേ ഈ ആനുകൂല്യത്തിന് അർഹനാകുകയുള്ളൂ. എന്നാൽ അപകടം മൂലമുണ്ടാകുന്ന സർജറിക്ക് ഈ നിബന്ധനബാധകമല്ല.

DOMICILIARY TREATMENT BENEFIT. (DTB)

മേൽപ്പറഞ്ഞ ചികിത്സാ ചിലവുകൾക്ക് പുറമേ പോളിസി നിബന്ധനയിൽ പെടാത്ത എല്ലാവിധ ചികിത്സകൾക്കും, ആശുപത്രിയ്ക്ക് പുറത്തുള്ള ചികിത്സയ്ക്ക് ആവശ്യമായി വരുന്ന തുക താഴെപറയുന്ന നിബന്ധനപ്രകാരം ലഭിക്കും. ഇത്തരത്തിൽ നൽകുന്ന തുക പോളിസി ഫണ്ടിൽ നിന്ന് കുറയ്ക്കുന്നു.

1. ക്ലെയിം തുക കുറഞ്ഞത് 2500 രൂപ ഉണ്ടായിരിക്കണം.
2. പോളിസി ഫണ്ടിന്റെ 50 ശതമാനത്തിൽ കൂടാത്ത തുകയായിരിക്കണം.
3. ക്ലെയിം തുക കഴിഞ്ഞാൽ കുറഞ്ഞത് ഒരു വാർഷികപ്രീമിയത്തിന് തുല്യമായ തുക പോളിസി ഫണ്ടിൽ ഉണ്ടായിരിക്കണം.
4. ഒരു വർഷത്തിൽ രണ്ട് തവണ മാത്രമേ ഈ ആനുകുല്യം ലഭിക്കുകയുള്ളു.

**പോളിസി ഉടമയ്ക്ക് മരണം സംഭവിച്ചാൽ**

ഒരു വ്യക്തിയുടെ പേരിലുള്ള പോളിസിയിൽ, പോളിസി ഉടമ മരണപ്പെട്ടാൽ അവകാശിക്ക് ഫണ്ട് വാല്യൂവിലുള്ള തുകയാണ് ലഭിക്കുന്നത്. സെക്ഷൻ 80D പ്രകാരം നികുതിയിളവ് ലഭിക്കുന്ന പ്ലാനാണ് ഇത്.

കൂടുതൽ വിവരങ്ങൾക്ക്
ഫോൺ: 9447115652

# വ്യവസായ നാദം ആകർഷകമായതിൽ അഭിനന്ദനങ്ങൾ




വ്യവസായ നാദം കെട്ടിലും മട്ടിലും ഏറെ പുതുമയോടെ പ്രസിദ്ധീകരിച്ച മാർച്ച് ലക്കം വളരെ നന്നായിരിക്കുന്നു. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വാർത്തകൾ കൂടുതൽ ഉണ്ടായിരുന്നു. ചിത്രങ്ങളും തലക്കെട്ടുകളും ആകർഷകമായിരുന്നു. എഡിറ്റോറിയൽ ബോർഡിന് അഭിനന്ദനങ്ങൾ! ഓരോ മാസവും വ്യവസായികൾ ചെയ്യേണ്ട കാര്യങ്ങൾ (ഫാക്ടറി ലൈസൻസ്, പഞ്ചായത്ത് ലൈസൻസ്, വാറ്റ് രജിസ്ട്രേഷൻ തുടങ്ങിയ നിരവധി കാര്യങ്ങൾ) വ്യവസായ നാദത്തിൽ കൂടി ഓർമ്മപ്പെടുത്തുന്നത് നന്നായിരിക്കും. വ്യവസായം നടത്തുന്നവരും പുതുതായി ആരംഭിക്കുന്നവരും അഭിമുഖികരിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ലേഖനങ്ങളായി പ്രസിദ്ധീകരിക്കുന്നതും നല്ലതാണ്.

## പ്രതികരണങ്ങൾ അറിയിക്കുക

നാളിതുവരെ പ്രസിദ്ധീകരിച്ചുവന്നതിൽ നിന്നും വ്യത്യസ്തമായി വേറിട്ടൊരു മുഖഛായയോടെ നമ്മുടെ കുടുംബമാസികയായ 'വ്യവസായനാദം' വായനക്കാരുടെ കൈകളിൽ എത്തിത്തുടങ്ങിയിരിക്കുന്നു. ഇതിലെ വിവിദങ്ങളെപ്പറ്റിയുള്ള അഭിപ്രായങ്ങൾ അറിയക്കുന്നതോടൊപ്പം മാസികകൂടുതൽ ആകർഷകമാക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളും വായനക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നു.

പ്രതികരണങ്ങൾ എന്തായിക്കൊള്ളട്ടെ, അവ ഇന്നുതന്നെ, ഇപ്പോൾതന്നെ അറിയിക്കുക. PH: 9249847680

KSSIA, KOTTAYAM DISTRICT UNIT
NO. XIV/105/A
Kottayam Municipal Industrial Estate
Kodimatha, Kottayam - 686 039
E mailO ktmsmallind@bsnl.in

കുറച്ചുനാളായി വ്യവസായനാദം ഒരു ചുവട് പിന്നോട്ടു പോയെങ്കിലും ഇപ്പോൾ രണ്ടു ചുവടു മുന്നോട്ടുവെച്ചു കാണുന്നതിൽ വീണ്ടും ആഭിനന്ദിക്കുന്നു.

**കെ. കെ. തോമസ്**
**മാരുതി ഇൻഡസ്ട്രീസ്, മണർകാട്**

**കവർപേജ് നന്നാകണം**

വ്യവസായ നാദം കഴിഞ്ഞ ലക്കം കണ്ടു. ഉള്ളടക്കത്തിലെ പുതുമകൾ വളരെ ആകർഷണീയമായിരുന്നു. എന്നാൽ കവർപേജിന് കുറെക്കൂടി ഭംഗിവേണം. മികച്ച കവർ ചിത്രങ്ങൾ തുടർന്നുള്ള ലക്കങ്ങളിൽ പ്രതീക്ഷിക്കുന്നു.

**റ്റി.ഐ.കുര്യൻ,**
**സ്റ്റേറ്റ് കമ്മറ്റി മെമ്പർ**

**ആശംസകൾ**

വായന ഹൃദ്യമായ ഒരനുഭവമായി. പ്രവർത്തനം കൂടുതൽ ശക്തമായി മുന്നേറട്ടെ. അണിയറ ശില്പികൾക്ക് ആശംസകൾ നേരുന്നു.

**ഡോ. ജോസഫ് ഇട്ടി**
**മോഡേൺ മാനേജ്മെന്റ്, കഞ്ഞിക്കുഴി**

# സത്യം തോൽക്കില്ല, ഇത് എന്റെ ജീവിതാനുഭവം



അനുഭവം

**കെ. ജെ. ജേക്കബ്, കൊച്ചേട്ട്**

**ബി.**കോം. പൂർത്തിയാക്കിയശേഷം 1977 ലാണ് ആന്ധ്രാപ്രദേശിൽനിന്നും ഞാൻ ജന്മനാടായ കോട്ടയത്തേക്ക് എത്തുന്നത്. സ്വന്തമായി ഒരു ചെറുകിട ട്രെഡ് റബ്ബർ ഫാക്ടറി തുടങ്ങണമെന്നതായിരുന്നു എന്റെ അന്നത്തെ വലിയ ആഗ്രഹം.

ജ്യേഷ്ഠൻമാർകൂടി മുതൽ മുടക്കിന് തയ്യാറായതോടെ ഞങ്ങൾ ഒരു പാർട്ണർഷിപ്പ് ഫേം ആരംഭിച്ചു. അന്നത്തെ വൈക്കം എം. എൽ. എ. ആയ പി. എസ്. ശ്രീനിവാസന്റെയും അന്നത്തെ വ്യവസായ ജോയിന്റ് ഡയറക്ടറായ എൻ. ദാമോദരൻ നായരുടെയും ആത്മാർത്ഥ സഹായസഹകരണങ്ങൾ കൊണ്ട് 1979 ൽ വൈക്കം ഡവലപ്മെന്റ് പ്ലോട്ടിൽ ഞങ്ങൾക്ക് ഒരു ട്രെഡ് റബ്ബർ ഫാക്ടറി ആരംഭിക്കാൻ കഴിഞ്ഞു.

കഠിനാദ്ധ്വാനവും ദൈവാധീനവുംകൊണ്ട് കാര്യമായ കുടിശിഖ ഒന്നും വരുത്താതെതന്നെ കെ. എഫ്. സി. ലോൺ അടച്ചുതീർക്കാനായി. എക്സ്പാൻഷനുവേണ്ടി ഇന്റർമിക്സിടുവാൻ കെ.എഫ്.സി. ലോൺ തരാമെന്നു സമ്മതിക്കുകയും ചെയ്തു.

പക്ഷെ അപ്പോളാണ് അന്നത്തെ സെൻട്രൽ ഫിനാൻസ് മിനിസ്റ്റർ ആയിരുന്ന വി.പി. സിംഗ് 1988 ൽ സദുദ്ദേശ്യത്തോടെ സെൻട്രൽ എക്സൈസ് ഉദ്യോഗസ്ഥർക്കായി ഒരു പുതിയ റിവാർഡ് സ്കീം പ്രഖ്യാപിച്ചത്.

അതായത് കേസ് ചാർജ് ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് 20ശതമാനം ക്യാഷ് അവാർഡ് സർക്കാർ നൽകുമെന്നായിരുന്നു പ്രഖ്യാപനം

എല്ലാ ഡിപ്പാർട്ട്മെന്റുകളിലും ഉള്ളതുപോലെ സെന്റർ എക്സൈസിലും കുറച്ച് ഉദ്യോഗസ്ഥർ ഒരു എത്തിക്സും ഇല്ലാത്തവരാണ്. ആര് നശിച്ചാലും അവർക്ക് ലാഭം കിട്ടണമെന്നുള്ള സ്വഭാവക്കാരാണ് പലരും. ഈ റിവാർഡ് സ്കീം ഒരർത്ഥത്തിൽ അവർക്ക് ഒരു ചാകരയായിരുന്നു.

ഞങ്ങളെപ്പോലെ കുറെ നിരപരാധികളായ ചെറുകിട വ്യവസായികൾക്ക് എതിരെ ഒരു തെളിവുമില്ലാതെ കേസ് റജിസ്റ്റർ ചെയ്തു ഞങ്ങളുടെ വീടും ഫാക്ടറിയുമെല്ലാം റെയ്ഡ് ചെയ്തെങ്കിലും ഞങ്ങൾക്കെതിരെ ഒരു തെളിവും അവർക്ക് കണ്ടെത്താനായില്ല.

എങ്കിലും 80ലക്ഷം രൂപയുടെ ഷോക്കോസ് നൽകി അതിന്റെ അഞ്ച് ശതമാനം അഡ്വാൻസ് ഇടപാടിന് അവർ ക്ലെയിം നൽകിയെങ്കിലും പഴയ ഏതോ വിജിലൻസ് കേസ് അവർക്കെതിരെ ഉണ്ടായിരുന്നതുകൊണ്ട് അഡ്വാൻസ് റിവാർഡ് അവർക്ക് ലഭ്യമായില്ല.

അന്ന് എനിക്കുള്ള ആസ്തി ഒരു പഴയ ലാംബി സ്കൂട്ടറും കുടുംബസ്വത്തായി കിട്ടിയ ഒരു പഴയവീടും 48 സെന്റ് സ്ഥലവും മാത്രമാണ്. ഈ കേസുകൊണ്ട് ഞങ്ങളുടെ ട്രെഡ് റബ്ബർ ബിസിനസിലുള്ള എല്ലാ മോഹങ്ങളും പൊലിഞ്ഞുപോയി. കൂടാതെ 38–ാം വയസിൽ ഞാനൊരു ഹൃദ്രോഗിയാകുകയും ചെയ്തു.

പലരിൽനിന്നായി 10 ലക്ഷം രൂപ കടം വാങ്ങി ഡിപ്പോസിറ്റ് ചെയ്താണ് ഞങ്ങൾ കേസ് വാദിച്ചത്. ഒൻപത് വർഷങ്ങൾക്കുശേഷം 1997 ൽ ഞങ്ങൾ നിരപരാധികളാണെന്നും ഡിപ്പോസിറ്റ് തിരികെ നൽകാനും വിധിയായി. ഇതിനോടകം ഞങ്ങൾ ട്രെഡ് റബ്ബർ ലൈൻമാറി ഫ്ളാപ്പ് പ്രൊഡക്ഷനിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു.

സത്യം ഒരിക്കലും മരിക്കുകയില്ല, ഞങ്ങളെ നിന്ദിപ്പിച്ചവരെകൊണ്ട് ദൈവം ഞങ്ങളെ ആദരിപ്പിച്ചു എന്നതാണ് ഞങ്ങളുടെ ജീവിതാനുഭവം.

കഴിഞ്ഞവർഷം ചെറുകിട വ്യവസായികളിൽ ഏറ്റവും കൂടുതൽ സെൻട്രൽ എക്സൈസ് ഡ്യൂട്ടി അടച്ചതിനുള്ള അവാർഡും ഞങ്ങൾക്കായിരുന്നു.

സെൻട്രൽ ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് അവാർഡ് ലഭിക്കുന്നവരെ അവരുടെ വീട്ടിലെത്തി, അസിസ്റ്റന്റ് കമ്മീഷ്ണർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ ക്ഷണിക്കേണ്ടതുണ്ട്. അങ്ങനെ കോട്ടയം അസിസ്റ്റന്റ് കമ്മിഷണറും സംഘവും ഞങ്ങളുടെ വീട്ടിൽ വന്ന് ഞങ്ങളെ ക്ഷണിച്ച് എറണാകുളം കമ്മീഷണറേറ്റിൽ വച്ച് ചീഫ് കമ്മിഷ്ണർ ഓഫ് സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റം ഞങ്ങൾക്ക് അവാർഡ് നൽകുകയും ചെയ്തു.

പിന്തിരിഞ്ഞു നോക്കുമ്പോൾ ഏറെ ചാരിതാർഥ്യം തോന്നുന്നു. എന്റെ അനുഭവത്തിൽ ഇതുതന്നെയാണ് യഥാർത്ഥ ദൈവനീതി.

## ബിസിനസ് ഡോട് കോം

വിഷ്ണു ആർ.



# വ്യവസായവകുപ്പ് മന്ത്രിയുമായി നടന്ന ചർച്ച – ഒരു അവലേകനം

**ജയിംസ് ഇമ്മാനുവേൽ**

**വ്യ**വസായവകുപ്പ് മന്ത്രി എളമരം കരീമുമായി ഇക്കഴിഞ്ഞ ഫെബ്രുവരി 19 ന് സംസ്ഥാന അസോസിയേഷൻ ഭാരവാഹികൾ നടത്തിയ ചർച്ചയിൽ ഉണ്ടായ തീരുമാനങ്ങളുടെ സംക്ഷിപ്തരൂപം.

● ബഡ്ജറ്റിൽ ചെറുകിട വ്യവസായ മേഖലയ്ക്ക് കൂടുതൽ തുക വകയിരുത്തൽ. സംസ്ഥാ നത്തിന്റെ മൊത്തം അടങ്കൽ തുകയിൽ വെറും 40 കോടിരൂപ മാത്രമാണ് ഈ മേഖലയ്ക്ക്വേണ്ടി മാറ്റിവെച്ചത്. ഏതാണ്ട് 2000 കോടി രൂപ വിൽപ്പനനികുതി പിരിച്ചു നൽകുകയും, പത്ത് ലക്ഷം കുടുംബങ്ങൾക്കെങ്കിലും നേരിട്ടു തൊഴിൽ നൽകുകയും ചെയ്യുന്ന ഈ മേഖലയ്ക്ക് ലഭിച്ചത് തുച്ഛമായവിഹിതമാണ്.

● പ്രൈസ് പ്രിഫറൻസ് കിട്ടുന്നതിനുള്ള നടപടികൾ സ്വാഗതാർഹം. പക്ഷെ ടെൻഡർ അംഗീകരിച്ചു കിട്ടുന്നതിന് സറ്റോർസ് പർചേസ് വകുപ്പിന്റെ രജിസ്ട്രേഷൻ ലഭിക്കണമല്ലോ. ഈ വകുപ്പിന്റെ നിബന്ധനകൾ ബാലികേറാമലയാണ്.

● ഡവലപ്പ്മെന്റ്, ഏരിയാ, പ്ലോട്ട്, ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ വ്യവസായികൾക്ക് സ്ഥലം നൽകുന്നതിനും അവയുടെ ലീസും ഓണർഷിപ്പിനും വ്യക്തമായ നടപടിക്രമങ്ങളാണുണ്ടാകേണ്ടത്. ഡി. ഐ. സി. ജനറൽ മാനേജർക്ക് എന്തധികാരമാണോ ഈ കാര്യത്തിലുള്ളത് എന്നറിയില്ല.

● എല്ലാ ലൈസൻസുകളും പുതുക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള കാലാവധി നൽകുന്നത് സ്വാഗതാർഹമാണ്. എന്നാൽ അസോസിയേഷൻ നൽകേണ്ടലിസ്റ്റ് എന്താണെന്ന് മനസിലായിട്ടില്ല. ലൈസൻസിനുള്ള ഫീസുകൾ അഞ്ച് വർഷത്തേക്ക് ഒറ്റ തവണയായി അടയ്ക്കേണ്ടിവരുന്നത് പല യൂണിറ്റുകൾക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുമെന്നുള്ള കാര്യം ഓർക്കുക.

● ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ഉൽപ്പാദനം തുടങ്ങി മൂന്നു വർഷത്തിനു ശേഷം മാത്രമേ സർക്കാർ സ്ഥാപനങ്ങളുടെ ടെൻഡറുകളിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളുവെന്ന നിബന്ധനയ്ക്ക് നിയമ പ്രാബല്ലമില്ല. ഈ തീരുമാനം കൂടുതൽ വിഷമങ്ങൾ സൃഷ്ടിക്കുമെന്ന് തോന്നുന്നു. (കെ. എസ്. ഇ. ബി., കെ. എസ്. ആർ. റ്റി. സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ)

● തേങ്ങാപ്പൊടി സെസിക്കേറ്റ്ഡ്, കോക്കനട്ട്, ഫർണിച്ചർ, പ്ലൈവുഡ് എന്നീ ഉത്പ്പന്നങ്ങളുടെ നികുതിനിരക്കുകൾ നാല് ശതമാനമാക്കാനുള്ള നിർദ്ദേശങ്ങൾ ധനമന്ത്രി ബഡ്ജറ്റിൽ പരാമർശിച്ചതായി ശ്രദ്ധിക്കപ്പെട്ടിട്ടില്ല. അസംബ്ളിയിൽ ധനകാര്യബിൽ പാസാക്കുന്നതിനു മുമ്പ് എന്തെങ്കിലും സാധിച്ചാൽ നന്ന്.

● സിഡ്കോയുടെ കീഴിലുള്ള അഞ്ചു എസ്റ്റേറ്റുകളിലെ യൂണിറ്റുകൾക്കുള്ള പട്ടയവിതരണം 2006-ൽ അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പാപ്പാനംകോട് വ്യവസായ എസ്റ്റേറ്റിൽ വെച്ച്, ഉദ്ഘാടനം ചെയ്തതായി അറിയാം. അവശേഷിക്കുന്ന വ്യവസായമേഖലകളിലെ വ്യവസായികളുടെ കാര്യം എല്ലാവരും മറന്നതായി തോന്നുന്നു.

● പ്രവർത്തിക്കാത്ത യൂണിറ്റുകൾ പോലും തിരിച്ചെടുക്കാൻ സിഡ്കോയ്ക്ക് നിയമപരമായും അല്ലാതെയും സാധിക്കാറില്ല പിന്നെയല്ലേ, പ്രവർത്തിക്കുന്ന യൂണിറ്റുകൾ തിരിച്ചെടുക്കുന്നത്? സിഡ്കോയ്ക്ക് നോട്ടീസ് അയയ്ക്കുന്ന ജോലി മാത്രമേ ഇപ്പോഴുള്ളു.

● ഫാക്ടറീസ് ലൈസൻസ് ഫീസ് ഈ സാമ്പത്തിക വർഷം ഇനിയും വേണ്ടെന്നു വെക്കുന്നതാണ് കുടുതൽ അഭികാമ്യം.

● സോഷ്യൽ സെക്യൂരിറ്റി ഫണ്ടിലേക്ക് കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച ഒരു കോടി രൂപ ലഭിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് വന്നുവെന്നതിൽ അതിലെ ഒരു മെമ്പർ എന്ന നിലയിൽ സന്തോഷമുമുണ്ട്. ട്രസ്റ്റിന്റെ പുതിയ ബൈലോയും കണക്കുകളും അംഗങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിച്ചാൽ നന്ന്.

## വിദേശനിക്ഷേപം: ആഗോളതലത്തിൽ ഇന്ത്യ മുന്നിൽ



**വി**ദേശനിക്ഷേപത്തിന് ഏറ്റവും അനുകൂല സാഹചര്യങ്ങളുള്ള ലോകരാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ മുന്നിൽ.

കൊളംബിയ സർവ കലാശാലയുടെ ഒരു പഠനറിപ്പോർട്ടിലാണ് ഈക്കാര്യം വെളിപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയിൽ നിലവിൽ വിദേശ നിക്ഷേപത്തിന്റെ കാര്യത്തിലുള്ള ചില നിയന്ത്രണങ്ങളാണു ഇപ്പോൾ തടസ്സം സൃഷ്ടിക്കുന്നത്. ഇതു മാറിയാൽ ആഗോള സാമ്പത്തിക ശക്തിയായി ഇന്ത്യ കുതിക്കുമെന്ന് റിപ്പോർട്ടിൽ പറയുന്നു.

വിദേശ നിക്ഷേപത്തിൽ നിലവിലുള്ള ഉദാരവത്കരണം, ആഗോളത്തിൽ മത്സരസ്വഭാവം പുലർത്തുന്ന തൊഴിൽശക്തി, ആഭ്യന്തര വളർച്ചയിലെ വൻ പുരോഗതി ,വിപണി വളർച്ച തുടങ്ങിയ ഘടകങ്ങളാണ് ഇതിന് അടിസ്ഥാനമാകുന്നത്. വൻ തോതിൽ നിക്ഷേപത്തിനുള്ള ചില നിയന്ത്രണങ്ങളും ആഭ്യന്തര സുരക്ഷയുടെ കാര്യത്തിൽ പുലർത്തുന്ന അമിത ആശങ്കകളും വിദേശനിക്ഷേപത്തിനു വൻ അംഗീകാരം നൽകുന്നതിൽ നിന്ന് സർക്കാരിനെ പിന്നോട്ടുവലിക്കുന്നതായി റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

2000 ത്തിലെ സ്ഥിതിയേക്കാൾ വിദേശനിക്ഷേപ സാധ്യത ഇപ്പോൾ പതിനഞ്ചുമടങ്ങ് വർധിച്ചിരിക്കുകയാണ്. ഉത്പാദനം, ഊർജം, വാർത്താവിനിമയം തുടങ്ങിയ മേഖലകളിൽ കേന്ദ്രീകരിച്ചിരിക്കുന്ന നിക്ഷേപർ ഇപ്പോൾ സേവന മേഖലയിലാണു ശ്രദ്ധിച്ചിരിക്കുന്നത്.

നിക്ഷേപം കൂടുതൽ കേന്ദ്രീകരിച്ചതു വ്യവസായ നഗരമായ മുംബൈയ്ക്കു ചുററുമായിരുന്നു. തൊട്ടുപിന്നിൽ ഡൽഹിയും തുടർന്നു അഹമ്മദാബാദ്, ബാംഗ്ലൂർ, ചെന്നൈ, ഹൈദരാബാദ് തുടങ്ങിയ നഗരങ്ങളും. ഈ സാമ്പത്തിക വർഷം ഇന്ത്യയും ആഗോള സാമ്പത്തിക മാന്ദ്യത്തിൽപ്പെട്ടുവെങ്കിലും അത് മറികടക്കാനായതു നിക്ഷേപകരുടെ വിശ്വാസം വർധിപ്പിക്കാനിടയാക്കി. സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടെങ്കിലും ഫോക്സ്വാഗൺ, ടെലിനർ, എൽജി എന്നിവ കൂടാതെ മറ്റ് വൻകിട ടെലികോം കമ്പനികളും ഇന്ത്യയിൽ വൻമുതൽമുടക്കിനു തയാറായിരിക്കുകയാണ്.

## വ്യവസായം തുടങ്ങാൻ കാലതാമസം കൊച്ചിയിൽ




**വ്യ**വസായം തുടങ്ങാൻ രാജ്യത്ത് ഏററവും കാലതാമസം വേണ്ടിവരുന്ന നഗരം കൊച്ചിയാണെന്ന് സാമ്പത്തിക അവലോകന റിപ്പോർട്ട്. ഉദ്യോഗസ്ഥരുടെ മെല്ലെപ്പോക്കാണത്രേ ഇതിന് കാരണം. വ്യവസായം തുടങ്ങാനുള്ള സാധ്യതയുടെ കാര്യത്തിൽ കേരളത്തിന് 16-ാം സ്ഥാനമാണ്.

കൊച്ചിയിൽ വ്യവസായം തുടങ്ങാൻ ഏററവും കുറഞ്ഞത 41 ദിവസം വേണം.

കൊച്ചിയിൽ ഒരു കരാർ ഒപ്പുവെക്കണമെങ്കിൽ കുറഞ്ഞത് 705 ദിവസമെടുക്കും. കടക്കെണി കൊണ്ട് ഒരു വ്യവസായസ്ഥാപനം അടച്ചുപൂട്ടാൻ കൊച്ചിയിൽ ഏഴര വർഷമെടുക്കുമ്പോൾ കൊൽക്കത്തയിൽ ഇതിന് 11 വർഷത്തോളം വേണം.

കയറ്റുമതിക്കായി 28 ദിവസമെടുക്കുന്ന കൊച്ചിയാണ് ഇക്കാര്യത്തിൽ ഏറെ പിന്നിൽ. ഡൽഹിയിൽ 17 ദിവസവും പട്നയിൽ 19 ദിവസവുമെടുക്കും.

വ്യവസായ നാദം
ഏപ്രിൽ 2010



ആരോഗ്യം

# മികച്ച ആരോഗ്യം ഭക്ഷണത്തിലൂടെ

**രോ**ഗങ്ങളിൽ നിന്ന് രക്ഷപെടാനുള്ള നല്ല മാർഗം ശരീരത്തിന്റെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുക എന്നതാണ്. ശരിയായ ഭക്ഷണരീതിയിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളു. ശരീരത്തിന്റെ പ്രവർത്തനം കാര്യക്ഷമമാകണമെങ്കിൽ പ്രോട്ടിൻ, കൊഴുപ്പ്, അന്നജം തുടങ്ങിയ പോഷകങ്ങൾ ആഹാരത്തിൽ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. എന്നാൽ ഇവ അമിതമായാലും അപകടമുണ്ട്. കഴിക്കുന്നത് പോഷകസമൃദ്ധമായ ആഹാരമാണെങ്കിൽ പോലും ഭക്ഷണരീതി ശരിയല്ലെങ്കിൽ അതും ആരോഗ്യത്തെ ബാധിക്കാം. നമ്മുടെ ശരീരത്തിനു വേണ്ട പോഷകങ്ങളെക്കുറിച്ചും കൃത്യമായ ഭക്ഷണരീതിയെക്കുറിച്ചും അറിഞ്ഞിരിക്കേണ്ട ചില വസ്തുതകളാണ് ഇവിടെ.




ഓരോ പ്രായത്തിലും ആവശ്യമായ ഭക്ഷണത്തിന്റെയും പോഷകങ്ങളുടെയും അളവ് വ്യത്യസ്തമാണ്. കൗമാരത്തിൽ കഴിക്കുന്ന ആഹാരമല്ല വാർദ്ധക്യത്തിൽ ആവശ്യം.

പോഷകവളർച്ചയ്ക്കും ഊർജത്തിനുമായാണ് കുട്ടികൾക്ക് മികച്ച ഭക്ഷണം നൽകുന്നത്. വളർച്ചയ്ക്കാവശ്യമായ പ്രോട്ടീൻ അടങ്ങിയ പാൽ ഒരു വയസു മുതലാണ് കൂടുതൽ നൽകേണ്ടത്. മുളപ്പിച്ച പയർ, പീസ്, ധാന്യങ്ങൾ എന്നിവയും കൂടുതൽ നൽകുക. ഇവയിൽ കാർബോഹൈഡ്രേറ്റും ധാരാളമുണ്ട്. എല്ലുകൾക്ക് ബലമുണ്ടാകാൻ കാൽസ്യം, ഫോസ്ഫറസ്, അയൺ, എന്നിവ ആവശ്യമാണ്. പാലുൽപ്പന്നങ്ങളും ഇലക്കറികളും ധാരാളമായി ഉപയോഗിക്കുക.

പലതരം ഭക്ഷണപദാർത്ഥങ്ങൾ കഴിക്കുമ്പോൾ ശരീരത്തിന് ആവശ്യമുള്ള വിറ്റമിനുകൾ ലഭിക്കും. വിറ്റമിൻ എ, സി, ഡി എന്നിവയാണ് ഏറ്റവും അത്യാവശ്യം. ധാരാളം പഴങ്ങളും പച്ചക്കറികളും, പാലും കഴിക്കുക.

കാർബോഹൈഡ്രേറ്റ്, കൊഴുപ്പ്, പ്രോട്ടീൻ എന്നിവ ഊർജം നലകുന്നവയാണ്. വളരെ ഊർജസ്വലനായ കുട്ടി കഴിക്കുന്ന ഭക്ഷണത്തിന്റെ അളവ് കുറവാണെങ്കിൽ അത് അവന്റെ വളർച്ചയെ ബാധിക്കും. ഉരുളക്കിഴങ്ങ്, ധാന്യങ്ങൾ, ചോറ് എന്നിവ കുട്ടികൾക്കു കൂടുതൽ നൽകുക.

വിശപ്പിനനുസരിച്ച് ഭക്ഷണം കഴിക്കുമ്പോൾ വേണ്ട പോഷകങ്ങളെല്ലാം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. പക്ഷെ ചിലർ ഭക്ഷണം ഒഴിവാക്കിയുള്ള ഡയറ്റിംഗാണ് നടത്തുന്നത്.

ശാരീരിക പ്രവർത്തനങ്ങൾക്കും ഊർജത്തിനും കോശങ്ങളുടെ പുനഃസൃഷ്ടിക്കുമാണ് യുവത്വത്തിൽ പോഷകങ്ങൾ ഏറ്റവും ആവശ്യം. ചെയ്യുന്ന ജോലിയുടെ സ്വഭാവത്തിനനുസരിച്ചായിരിക്കണം ഭക്ഷണം. ഒന്നിലേറെ ധാന്യവർഗങ്ങളും ഭക്ഷണത്തിൽ വേണം. അതോടൊപ്പം 50 ഗ്രാം പച്ചക്കറികളും മാങ്ങ, പപ്പായ തുടങ്ങിയ പഴവർഗങ്ങളും ഉൾപ്പെടുത്തുക. 150 മി.ലി. പാലും ഭക്ഷണത്തിലെ എണ്ണകളും കൂടിയാകുമ്പോൾ ആവശ്യത്തിന് പോഷകങ്ങൾ ലഭിക്കും.

ഇതേസമയം എളുപ്പം ദഹിക്കുന്ന ഭക്ഷണപദാർത്ഥങ്ങളാണ് വാർദ്ധക്യത്തിൽ ആവശ്യം. നാരുകൾ കൂടുതൽ അടങ്ങിയ ഭക്ഷണം ദഹനത്തെ ഏറെ സഹായിക്കും. കൊളസ്ട്രോളിന്റെ അളവു കുറയ്ക്കുകയും ചെയ്യും. കാൽസ്യം, കാരറ്റിൻ, അയൺ, വിറ്റാമിൻ സി എന്നിവ ലഭിക്കാനായി പാലും ഇലക്കറികളും ധാരാളം കഴിക്കുക.

രാത്രി മിതമായ ഭക്ഷണമാണ് വേണ്ടത്. ചൂടുള്ള പാൽ കുടിക്കുന്നത് ഉറക്കം കിട്ടാൻ നല്ലതാണ്. മലബന്ധം ഒഴിവാക്കാൻ ധാരാളം വെള്ളവും കുടിക്കണം. മോര് പഴച്ചാറ്, സൂപ്പ് എന്നിവ ഭക്ഷണത്തിൽ കൂടുതൽ ഉൾപ്പെടുത്തുന്നതും നന്ന്.

## രണ്ടെണ്ണം വീശുംമുമ്പ്...



**ബി**സിനസുകാരായ നമ്മുടെ ഇടയിൽ ഒരു പൊതുധാരണയുണ്ട്. വൈകുന്നേരം ഒരു രണ്ടെണ്ണം വീശിയാലേ കാര്യങ്ങൾ നേരെയാകുവെന്ന്. എന്നാൽ മദ്യം ശരീരത്തിന് നൽകുന്നത് ഉപയോഗശൂന്യമായ കലോറികളാണ്. അതായത് ഊർജ്ജം ലഭിക്കും, പക്ഷേ മറ്റു പോഷകങ്ങൾ ഒന്നുമുണ്ടാകില്ല എന്നർത്ഥം.

മദ്യം ശരീരത്തിന് വളരെ ആവശ്യമായ വിറ്റാമിൻ ബി ഇല്ലാതാക്കുകയും ചെയ്യും. ചെറിയ അളവിൽ പോലും മദ്യം കഴിക്കുന്നത് ദോഷകരമാണ്. ശരീരത്തിലെ ജലാംശം ഇത് നഷ്ടപ്പെടുത്തും. വെള്ളത്തോടൊപ്പം അവശ്യം വേണ്ട മിനറലുകളും ഇല്ലാതാകും.

ആദ്യമൊക്കെ വിശപ്പുണ്ടാക്കാൻ സഹായിക്കുന്ന മദ്യം പിന്നീട് നാവിലെ രുചിമുകുളങ്ങളുടെ കഴിവ് ഇല്ലാതാക്കും. സ്ഥിരമായി മദ്യപിക്കുന്നവർ രുചി നഷ്ടപ്പെടുന്നതോടെ ഭക്ഷണത്തിൽ കൂടുതൽ എരിവും പുളിയും ഉപയോഗിക്കും. ഇത് ക്രമേണ അൾസറുണ്ടാക്കാൻ കാരണമാകുകയും ചെയ്യും.

പുകയിലയിലടങ്ങിയിട്ടുള്ള നിക്കോട്ടിനും രുചിമുകുളങ്ങളുടെ കഴിവ് നഷ്ടപ്പെടുത്തും. ഇതും പിന്നീട് അൾസറിന് വഴിയൊരുക്കും.

# ഭക്ഷണം എത്രവേണം? എപ്പോൾ കഴിക്കണം?




ആയുർവേദവിധി പ്രകാരം സന്തുലിത ഭക്ഷണം ദിവസം രണ്ടുനേരം മാത്രമേ കഴിക്കേണ്ടതുള്ളു. രാവിലെയും രാത്രിയും ഉച്ചയ്ക്കും ലഘു ഭക്ഷണം മാത്രം മതി-പ്രത്യേകിച്ചും ജോലി ചെയ്യുന്നവർക്ക്. വയർ നിറയെ ഭക്ഷണം കഴിച്ചാലുണ്ടാകുന്ന ചെറിയ ആലസ്യവും ഉറക്കവും ജോലിയെ ബാധിക്കും. പഴങ്ങൾ, സാലഡ് തുടങ്ങിയവ മതി ഉച്ചഭക്ഷണത്തിന്.

ഭക്ഷണസമയത്ത് ദഹനത്തെ സഹായിക്കാൻ ആമാശയത്തിലേയ്ക്കും കൂടുതൽ രക്തം പ്രവഹിക്കും. തലച്ചോറിലേക്കുള്ള പ്രവാഹം കുറയുകയും ചെയ്യും. ആലസ്യത്തിനുള്ള കാരണം ഇതാണ്. പ്രത്യേകിച്ചും ഭക്ഷണം അമിതമാകുമ്പോൾ.

പ്രാതൽ കഴിയുന്നത്ര പോഷകസമൃദ്ധമാക്കാൻ ശ്രദ്ധിക്കുക. രാത്രി മുഴുവൻ നീണ്ട ഉപവാസത്തിനു ശേഷം കഴിക്കുന്നതിനാൽ ശരീരത്തിന് പോഷകങ്ങൾ ഏറെ ആവശ്യമാണ്. ദിവസം മുഴുവൻ വേണ്ടി വരുന്ന ഊർജം നൽകാൻ പ്രാതലിനു കഴിയണം.

ഏഴിനും എട്ടിനുമിടയിൽ പ്രാതൽ കഴിക്കുന്നതാണ് ഏറെ നല്ലത്. രാത്രി ഏറെ വൈകി ഭക്ഷണം കഴിക്കുന്നതും ഒഴിവാക്കേണ്ടതാണ്. ഈ നേരത്ത് ദഹനത്തിനു സമയം ധാരാളം വേണം. മാത്രമല്ല, രോഗപ്രതിരോധശേഷിയുള്ള ഉമിനീര് രോഗകാരണമായ അമ്ലാംശമായി മാറുകയും ചെയ്യും. അതുകൊണ്ട് കഴിയുന്നത്ര നേരത്തേ ഭക്ഷണം കഴിക്കുക. വളരെ മിതമായി മാത്രം. രാത്രി ഭക്ഷണം കഴിഞ്ഞ് കുറഞ്ഞത് രണ്ടു മണിക്കൂറിനു ശേഷം മാത്രമേ ഉറങ്ങാവൂ. ദഹനം ശരിക്കു നടക്കണമെങ്കിൽ ആമാശയത്തിനു വികസിക്കാനും സങ്കോചിക്കാനും കഴിയണം. ഭക്ഷണം അമിതമായാൽ ഇതു സാധിക്കില്ല. ദഹനം ശരിക്കും നടക്കുകയുമില്ല. ദഹനപ്രക്രിയ ശരിയാകണമെങ്കിൽ ആഹാരം അരവയർ എന്നാണു ശാസ്ത്രം.

വിശക്കുമ്പോൾ മാത്രം ഭക്ഷണം കഴിക്കൂ. തീരെ വിശപ്പില്ലാതെ കഴിക്കുമ്പോൾ ആമാശയരസം വേണ്ടത്രയുണ്ടാകില്ല. ഭക്ഷണം ദഹിക്കാതെ വളരെ നേരം ആമാശയത്തിൽ കിടക്കുന്നതുകൊണ്ട് വയറിന് അസ്വസ്ഥതയുണ്ടാകും. വിശക്കുമ്പോൾ ഭക്ഷണം കഴിച്ചില്ലെങ്കിൽ ആമാശയത്തിലെ ദഹനരസങ്ങൾ അസിഡിറ്റിയുണ്ടാക്കും. ഇത് നെഞ്ചെരിച്ചിൽ, അൾസർ എന്നിങ്ങനെയുള്ള രോഗങ്ങൾക്കു കാരണമാവുകയും ചെയ്യും.



ആഹാരകാര്യങ്ങളിൽ അളവിനുമുണ്ട് ഏറെ പ്രാധാന്യം. അതാതു സമയത്ത് ഓരോരുത്തരുടെയും ആവശ്യമനുസരിച്ച് വേണ്ട അളവിൽ കഴിക്കണം.

ഭക്ഷണത്തിന്റെ ആദ്യദഹനം വായിൽ വച്ചാണ്. കൂടുതൽ സമയം ചവയ്ക്കുന്തോറും ഉമിനീരും ഏറെയുണ്ടാകുന്നു. ഉമിനീരുമായി ചേർന്ന് ഭക്ഷണം നന്നായി അരഞ്ഞ് ആമാശയത്തിലെത്തുകയാണെങ്കിൽ ദഹനം വേഗം നടക്കും. ഭക്ഷണത്തിൽ നേരിയ തോതിൽ വിഷാംശമുണ്ടെങ്കിൽ അതില്ലാതാക്കാനും ഉമിനീരിനു കഴിയും. മാത്രമല്ല ആമാശയത്തിൽ ദഹനരസം ഊറിവരാനും സഹായിക്കുന്നത് ഉമിനീരാണ്.

ഇതൊന്നും ശ്രദ്ധിക്കാതെ തിരക്കുപിടിച്ചു ഭക്ഷിക്കുമ്പോഴോ? ദഹനം ആകെ തകരാറിലാകും. ഗ്യാസ്ട്രബിൾ, മലബന്ധം, വയറുവേദന എന്നിവയ്ക്കും ഇതു കാരണമാകും. പിന്നീട് വളരെ ഗുരുതരമായ രോഗങ്ങളുണ്ടാകാനും സാദ്ധ്യതയുണ്ട്. അതുകൊണ്ട് വേഗത്തിൽ ഭക്ഷണം കഴിക്കുന്ന ശീലം ഉപേക്ഷിക്കുക. ടെൻഷനുമായി ഭക്ഷണം കഴിക്കുമ്പോൾ ഒരിക്കലും ഭക്ഷണം ആസ്വദിക്കാൻ കഴിയില്ല. മാത്രമല്ല, അസിഡിറ്റി കൂടുന്നതുകൊണ്ട് മറ്റ് അസ്വസ്ഥകളും ഏറെയാണ്. ഭക്ഷണസമയം കഴിയുന്നത്ര ആസ്വാദ്യകരമാക്കാനാണ് ശ്രമിക്കേണ്ടത്.

വണ്ണം കുറയ്ക്കാനായി ഒരു നേരത്തെ ഭക്ഷണം ഒഴിവാക്കേണ്ടതില്ല- പ്രത്യേകിച്ചും പ്രാതൽ. രണ്ടു ഭക്ഷണങ്ങൾക്കിടയിൽ ഉപ്പേരിയും മറ്റും കൊറിക്കുന്ന ശീലവും നല്ലതല്ല. കഴിക്കുന്നെങ്കിൽ കാലറി കുറഞ്ഞവ മാത്രം മതി.

## ഇലക്ഷൻ വർഷം ആയതിനാൽ അസോസിയേഷൻ അംഗത്വം ഏപ്രിൽ 30 ന് മുമ്പ് പുതുക്കുക

ഇലക്ഷൻ വർഷമായതിനാൽ 2010 ഏപ്രിൽ 30 ന് മുമ്പായി അംഗത്വം പുതുക്കുകയും പുതിയ അംഗങ്ങൾ ആകുകയും ചെയ്യുന്ന യൂണിറ്റുകൾക്കുമാത്രമേ ഈ വർഷം ജൂലൈ അവസാനം നടക്കുന്ന 2010-12 വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിനും വോട്ടെടുപ്പിൽ പങ്കെടുക്കുന്നതിനും അർഹതയുണ്ടായിരിക്കുകയുള്ളൂവെന്ന് സെക്രട്ടറി ഏബ്രഹാം കുര്യാക്കോസ് അറിയിച്ചു.

എല്ലാ അംഗങ്ങളും തങ്ങളുടെ യൂണിറ്റുകളുടെ അംഗത്വം ഏപ്രിൽ 30 ന് മുൻപായി പുതുക്കണം.അംഗത്വം പുതുക്കുന്നതിന് അസോസിയേഷൻ ഓഫീസിൽനിന്നും ജീവനക്കാർ കഴിവതും യൂണിറ്റുകളിൽ എത്താൻ ശ്രമിക്കും. അംഗത്വം പുതുക്കുന്നതിന് കോടിമത വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന അസോസിയേഷൻ ഓഫീസിലെത്തി രസീത് കൈപ്പറ്റണമെന്നും സെക്രട്ടറി അറിയിച്ചു. 2009 സെപ്റ്റംബർ ഒന്ന് മുതൽ നിലവിൽ വന്ന പുതിയ ഭരണഘടന ഭേദഗതിയനുസരിച്ച് താഴെപ്പറയുംവിധമാണ് അംഗത്വഫീസ് ഏർപ്പെടുത്തിയിരിക്കുന്നത്.

### അംഗത്വം പുതുക്കുന്നതിന്

| | | |
|---|---|---|
| 2010-2011 | കോട്ടയം യൂണിറ്റ് മെംബർഷിപ്പ് ഫീ | 240.00 |
| 2010-2011 | സ്റ്റേറ്റ് അസോസിയേഷൻ മെംബർഷിപ്പ് ഫീ | 160.00 |
| വ്യവസായനാദം | ഒരു വർഷത്തേയ്ക്കുള്ള വരിസംഖ്യ | 100.00 |
| | ആകെ | 500.00 |

പുതിയ അംഗത്വത്തിന് അഡ്മിഷൻഫീ 100 രൂപയടക്കം ആകെ 600 രൂപ

# ഓഹരിവിപണി ഉയരങ്ങളിലേക്ക്



BULL&BEAR

ആഗോള വിപണിയിലെ അനുകൂലചലനങ്ങളുടെ കുതിപ്പിൽ ഇന്ത്യൻ ഓഹരി സൂചിക രണ്ട് വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിലവാരത്തിലേക്ക് ചുവടുവെക്കുകയാണ്. കാപ്പിറ്റൽ ഗുഡ്സ്, ബാങ്കിംഗ്, റിയൽ എസ്റ്റേറ്റ്, സിമന്റ്, ടെലികോം തുടങ്ങിയ മേഖലകളിലെ ഓഹരികളിലുണ്ടായ നിക്ഷേപ താത്പര്യമാണ് വിപണിക്ക് ഗുണമായത്. 2008 ഫെബ്രുവരി 15 ന് ശേഷം ഇതാദ്യമായാണ് ദേശീയ സൂചിക ഇത്രയും ഉയർന്നനിരക്കിൽ എത്തിനിൽക്കുന്നത്.

ബോംബെ ഓഹരിസൂചിക 18,000 ത്തിനടുത്താണ് എത്തിനിൽക്കുന്നത്. എൽ.ആൻഡ് ടി, ഭെൽ, സീമെൻസ്, എ.ബി.ബി. ഐ.ടി.സി., യൂണിടെക്, ഡി.എൽ.എഫ്, റിലയൻസ് കമ്യൂണിക്കേഷൻ എന്നിവയുടെ ഓഹരികൾ മികച്ച നേട്ടമുണ്ടാക്കി. ബാങ്കിംഗ്, ധനകാര്യമേഖലയിൽ എസ്. ബി.ഐ., എച്ച്.ഡി.എഫ്.സി ബാങ്ക് , ഐ.സി.ഐ.സി.ഐ ബാങ്ക് എന്നിവയുടെ ഓഹരിവില ഉയർന്നുനിൽക്കുന്നു.

അമ്മേരിക്കൻ ഡോളറിനെതിരെ രൂപയുടെ മൂല്യം കുതിച്ചുയരുന്നത് ഐ.ടി. കമ്പനികളുടെ ഓഹരികൾക്ക് തിരിച്ചടിയായി. ഇൻഫോസിസ്, ടി.സി.എസ്., വിപ്രോ എന്നിവയുടെ ഓഹരിവില നേരിയതോതിൽ ഇടിഞ്ഞിട്ടുണ്ട്.

ഇതേസമയം ആഗോള വിപണിയിൽ ലോകത്തിലെ പ്രമുഖ നാണയങ്ങൾക്കെതിരെ ഡോളറിന്റെ മൂല്യം ഇടിഞ്ഞത് ഇന്ത്യൻ രൂപയ്ക്ക് കരുത്തായിരിക്കുകയാണ്. ഇതോടെ കയറ്റുമതി മേഖല വൻതോതിൽ ഡോളർ വിറ്റുമാറി. ഇന്ത്യൻ ഓഹരിവിപണി  നേട്ടത്തിന്റെ പാതയിൽ തുടരുന്നതും രൂപയ്ക്ക് ഗുണമായി. അമേരിക്കൻ ഡോളറിനെതിരെ രൂപയുടെ മൂല്യം ഉയർന്നുനിൽക്കുയാണ്. 2008 സെപ്തംബറിന് ശേഷം രൂപയുടെ മൂല്യത്തിലുണ്ടാകുന്ന ഏറ്റവും ഉയർന്ന നിരക്കാണിത്.

മാസാവസാനമായതിനാൽ എണ്ണക്കമ്പനികൾ ഡോളർ വാങ്ങാൻ രംഗത്തുണ്ടായിരുന്നിട്ടും മൂല്യവർദ്ധന നേടാനായത് രൂപയുടെ കരുത്ത് മൂലമാണെന്ന് വിദേശ നാണയ വിപണിയിലുള്ളവർ പറയുന്നു. ഇന്ത്യൻ ഓഹരികൾ വാങ്ങാൻ വിദേശ നിക്ഷേപകർ സജീവമായി രംഗത്തുള്ളതിനാൽ രൂപയുടെ മുന്നേറ്റം തുടരാനാണ് സാധ്യത.

ഇതിനിടെ അടുത്ത മൂന്ന് മാസത്തിനുള്ളിൽ രാജ്യത്തെ മുഖ്യവിലസൂചിക അടിസ്ഥാനമാക്കിയുള്ള നാണയപ്പെരുപ്പം താഴേയ്ക്ക് നീങ്ങുമെന്നാണ് പ്ലാനിംഗ് കമ്മീഷൻ വ്യക്തമാക്കുന്നത്. ഭക്ഷ്യഉത്പന്നങ്ങളുടെ വിലയിലുണ്ടാവുന്ന തുടർച്ചയായ ഇടിവ് നാണയപ്പെരുപ്പം കുറയുന്നതിന്റെ സൂചനയാണെന്ന് പ്ലാനിംഗ് കമ്മീഷൻ ഉപാദ്ധ്യക്ഷൻ മൊണ്ടെക്സിംഗ് അലുവാലിയ ചൂണ്ടികാണിക്കുന്നു.  വിലക്കയറ്റം ഭക്ഷ്യഇതര ഉത്പന്നവിപണിയിലേക്ക് നീങ്ങാൻ സാധ്യതയില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

മാർച്ച് 13ന് അവസാനിച്ച വാരത്തിൽ ഭക്ഷ്യ ഉത്പന്ന വിലസൂചിക 16.22 ശതമാനമായാണ് കുറഞ്ഞത്. മുൻവാരമിത് 16.30 ശതമാനമായിരുന്നു.

മൊത്ത വിലസൂചിക അടിസ്ഥാനമാക്കിയുള്ള നാണയപ്പെരുപ്പം മാർച്ചിൽ രണ്ടക്കം കടക്കുമെന്നാണ് പൊതുവെ വിലയിരുത്തിയിരിക്കുന്നത്. റാബി വിളവെടുപ്പ് തുടങ്ങുന്നതോടെ ഭക്ഷ്യസാധനങ്ങൾ ഉയർന്നതോതിൽ വിപണിയിലെത്തുന്നതുവഴി വിലകുറയാൻ സാധ്യതയേറെയാണെന്ന് മൊണ്ടെക് സിംഗ് ചൂണ്ടിക്കാട്ടിയിരിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര കാലയളവിൽ പത്ത് ശതമാനത്തിലധികം വളർച്ചയാണ് രാജ്യം ലക്ഷ്യമിടുന്നത്.

## എൽ. ഐ. സി : മൂലധനം 100 കോടിയാക്കാൻ ശുപാർശ

എൽ. ഐ. സി യുടെ ബാധ്യതകളില്ലാത്ത കുറഞ്ഞ മൂലധനം അഞ്ചുകോടി രൂപയിൽ നിന്ന് നൂറുകോടി രൂപയാക്കാൻ പാർലമെന്റ് സമിതി ശുപാർശ. ഇക്കാര്യത്തിൽ സ്വകാര്യ ഇൻഷുറൻസ് കമ്പനിക്ക് ബാധകമായ മാനദണ്ഡം എൽ.ഐ.സി.ക്കും നടപ്പാക്കുകയാണ് ലക്ഷ്യം.സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്ക് കുറഞ്ഞത് നൂറു കോടി രൂപ മൂലധനം വേണമെന്നാണ് വ്യവസ്ഥ. ധനകാര്യ സ്റ്റാൻഡിങ് കമ്മറ്റിയാണ് എൽ ഐ.സി. യുടെ ബാധ്യതകളില്ലാത്ത മൂലധനം കൂട്ടാൻ ശുപാർശ ചെയ്ത്.

അതേ സമയം, നൂറുകോടി രൂപയിൽ കൂടുതൽ മൂലധനം സമാഹരിക്കണമെങ്കിൽ അത് ഓഹരിവിപണിയിൽ നിന്ന് ശേഖരിക്കരുതെന്നും സമിതി ആവശ്യപ്പെട്ടു.

## BIZNEZ BUBBLES

### കേരളം ‘കുടി’ കുറച്ചില്ല

കേരളത്തിൽ പ്രതിമാസം കുടിച്ചുതീർക്കുന്ന ഇന്ത്യൻനിർമിത വിദേശമദ്യം 1.35 കോടി ലിറ്റർ. 2009 ഏപ്രിൽ മുതൽ 2010 ഫെബ്രുവരി വരെ വിറ്റഴിച്ചത്-ഏകദേശം 15.3 കോടി ലിറ്റർ മദ്യം.

വിൽപനയിൽ മുന്നിൽ റമ്മാണ് 53%. പ്രതിമാസം വിൽക്കുന്ന 15 ലക്ഷം കെയ്സിൽ 8.2 ലക്ഷവും റം ആണ്.  ഏഴ് ശതമാനം വളർച്ചയാണു റം വിൽപനയിൽ ഉണ്ടായത്.

ബ്രാണ്ടിക്കാണ് വിപണിവിഹിതത്തിൽ രണ്ടാംസ്ഥാനം-40%. പ്രതിമാസം ആറു ലക്ഷം കെയ്സ് ബ്രാണ്ടിയാണ് വിൽക്കുന്നത്. മധ്യകേരളത്തിലും  വടക്കൻ ജില്ലകളിലുമാണ് ബ്രാണ്ടിക്ക് പ്രിയം. ബ്രാണ്ടി വിൽപനയിലും ഏഴുശതമാനം വർധനയുണ്ടായി. വോഡ്ക വില്പന 1.86 ശതമാനത്തിൽനിന്നും 3.13 ശതമാനമായി.

രാജ്യത്ത് മദ്യത്തിന്റെ പ്രതിഓഹരി ഉപഭോഗം ഏറ്റവും ഉയർന്ന സംസ്ഥാനമാണു കേരളം. 8.4 ലിറ്റർ. മലയാളികളുടെ പ്രതി ഓഹരിവരുമാനം വർധിച്ചതും ജീവിതരീതികളിലുണ്ടായ മാറ്റവുമാണു മദ്യവിപണിയിലെ വളർച്ചയ്ക്കു കാരണം.

### ബാക്ടീരിയയിൽനിന്ന് ടയർ

ടയർ ഉത്പാദനത്തിനുള്ള പ്രത്യേകതരം റബ്ബർ നിർമിക്കുന്നതിന് ബാക്ടീരിയ ഉപയോഗിച്ചുയള്ള പുതിയ വഴി കണ്ടെത്തിയിരിക്കുന്നു. പുനരുപയോഗിക്കാൻ കഴിയുമെന്നതിനാൽ ഈ പുതിയ ബയോടെക് റബ്ബർ സ്വാഭാവിക റബ്ബറിന് ഭീഷണിയാകുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഇപ്പോൾ ടയർ വ്യവസായത്തിൽ കൃത്രിമ റബ്ബർ ഉപയോഗിക്കുന്നത് മൂലമുള്ളതിനെക്കാൾ വലിയ ഭീഷണിയാണ് ഇത് ഉയർത്തുന്നത്. പ്രമുഖ ടയർ കമ്പനിയായ ഡുഡിയറിനുവേണ്ടി ബഹുരാഷ്ട്ര ബയോടെക്നോളജി ഗവേഷണ സ്ഥാപനമായ ജീനിൻകോറാണ് സൂഷ്മജീവികളെ ഉപയോഗിച്ചുകൊണ്ടുള്ള റബറുത്പാദന രീതി വികസിപ്പിച്ചെടുത്തത്.

ഇത് ഉപയോഗിച്ചുകൊണ്ടുള്ള  ടയർ അടുത്ത വർഷം വാണിജ്യ ഉത്പാദനം തുടങ്ങും.  ടയർ നിർമിക്കാനുപയോഗിക്കുന്ന വൾക്കനൈസ് ചെയ്ത റബ്ബറിലെ അടിസ്ഥാനഘടകമായ ഐസോപ്രിൻ ബാക്ടീരിയയിലൂടെ വൻതോതിൽ നിർമിക്കുന്ന രീതിയാണ് ഇപ്പോൾ വികസിപ്പിച്ചെടുത്തിരിക്കുന്നത്. കരിമ്പിൽ നിന്നുള്ള പഞ്ചസാരയിൽ വളർത്തിയെടുക്കുന്ന ഇ-കോളി ഇനത്തിൽപ്പെട്ട  ബാക്ടീരിയ അതിന്റെ ദഹന പ്രക്രിയക്കിടയിൽ ചെറിയ തോതിൽ ഉത്പാദിപ്പിക്കുന്നുണ്ടന്നതിരിച്ചറിവാണ് പുതിയ കണ്ടെത്തലിലേക്ക് നയിച്ചത്.

# MSME ACTS AND RULES

**Compiled by Xavier Thomas Kondody**

State Industries Act
The Factories Act, 1948
Shops & Establishment
Indians Boiler Act (if applicable)
Payments of Wages Act, 1936
Minimum Wages Act, 1948
Workmen Compensation Act, 1923
Employees Provident Fund Act, 1952
Employees State Insurance Act, 1948
Municipal Panchayat Raj Act
Income tax Act
Central Sales Tax act & State Vat Act
Drugs Control Act (If Applicable)
Food Safety act (If Applicable)
The payment Bonus Act 1978
Industrial Disputes Act, 1974
Central lurecticide Act 1968 (If Applicable)
Pollution Control Act
State Purchase Dept. Registration
Central Excise Reg (If Applicable)
KSEB Board/ Electrical inspectorate
Explosives Act (If Applicable)
Income Tax Act

**LIST OF REGISTERS**
The Factories Act 1945
Register of Adult Workers
Register f Leave with wages
leave book
Accident Register with Performa
Mortar Roll & Wages Register
Inspection Book
Register of Compensatory Holidays and overtime
The payment of Bonus Act
A,B & C Register
The Payment of Wages Act
Consolidated Register of Fines , Deduction and Advances.
The minimum wages act
Wage slips
ESI Act
Employees Register of Contributions
Accident Register
Inspection Book
The Equal Remuneration Act
Form 'D' Register

| INSPECTORS WHO VISIT SSI UNITS | | INFORMATION |
|---|---|---|
| ● Directorate of Industries | : | SSI Registration, Statistics, Tax Payment |
| ● Bureau of Indian Standards | : | Quality Inspect |
| ● NSIC | : | Records on Manufactures, Plant & Machinery |
| ● Steam and Boilers Department | : | Records on Complain us of Boiler Regulations |
| ● Factories Inspector | : | Fire protection, First Aid, Painting, Toiletry lighting, Fire Fighting, Cleanness, Minimum Wage, Efficient Disclage, Drinking Water |
| ● Environmental Engineer | : | Chiminey Height, Emissions tests, Sand Magnitude. |
| ● Sales Tax intelligence | : | All Books of Accounts |

*Cont'd.*

## WHAT IS FORWARD TRADING- A HEDGING PRODUCT

Forward is a contract with bank to buy/sell a specific currency and amount against another currency at a pre-determined exchange rate and on an agreed future date.

- Binding on both the parties to the contract
- Available in all major currency pair
- Protection from foreign exchange market volatility
- Ptential loss due to unfavorable movement in currency market.

Forward quote = spot + premia

- USD/INR spot = 45.50 (IUSD = 45.50INR)
- Two months forward premia = 50 paire
- Two months forward quote = 45.50 + .50 = Rs.46

## ECONOMY & BANKING

### THE DOLLAR RETAINS VALUE DESPITE WEAKNESS

The US dollar has depreciated in trade weighted terms by as much as 12 to 13% over the part six months against most of the prominent other of currencies. For the first time concerns and raised on the weakens of US Dollar. Even China has hundred about bringing years as a world currency.

Weakens of US dollar against other world currencies is not a welcome sign. If it falls further precipitately it may choice off the nascent recovery.

Chances of such a large fall that world probably invite co-ordinate global interruption are not ruled out. If the normal laws of economics work one world expect the currencies of countries with current account surplus like Japanese yens, china's Yuan –to appreciate in dollar terms. But China, despite intense pressure from the US and contain other countries, including the IMF has not revalued Yuan. Moreover the structural defects of the US economy in still in fact. A very high level of external debt, a huge fiscal deficit- estimated at 13.5% of its GDP-are real problems of the US economy. No visible effort is also not scene to correct there defects in frameless.

Meanwhile the US is creating vast amounts of money but still enjoys low rates of interest. The main reason for their phenomena is American dollar has remained the worlds reserve currency, starting off some attempts to displace it. Lately US have succeeded in bringing its current account deficit to 3% of its GDP. For the time hung, the cheaper dollar helps American expert's stranger Rupees.

The dollars weakens is reflected in the Rupees strength. The Rupee is trading just above Rs.45/ now the rupee appreciation is a matter of concern for India exporters On the other hand imports will become cheaper.

The stranger rupee is also due to robust capital inflows into the stock markets.

Now probably RBI has to intervene to prevent further appreciation of Rupee against dollar & Euro. RBI may have to buy dollars. Substantial currency liquidity will full up inflation further. RBI may report to higher interest rates. Anyhow economic recovery is still at a slow pace and moves any heightening will stoke it up.

## ചെറുകിട വ്യവസായികൾക്ക് ധനസഹായ പദ്ധതി

# കെ.എസ്.എസ്.ഐ.എ സോഷ്യൽ സെക്യൂരിറ്റി ഫണ്ട്



പ്രൊഫ. ജോസഫ് ടി. സിറിയക്ക്

KSSIA

**നാ**ടിന്റെ സാമ്പത്തിക വളർച്ചയ്ക്ക് തനതായ സംഭാവന നൽകിവരുന്ന കേരളത്തിലെ വ്യവസായികളിൽ പലരും ജീവിത സായാഹ്നത്തിൽ യാതൊരു ആശ്രയവുമില്ലാതെ പകച്ച് നിൽക്കുമ്പോൾ ഒരു കൈ സഹായത്തിന് നാളിതുവരെയും കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ മുന്നോട്ട് വന്നിട്ടില്ലയെന്നത് ഏറെ ദുഃഖകരമായ ഒരു യാഥാർഥ്യമാണ്.

വർഷങ്ങളായി ഇക്കാര്യത്തിൽ സർക്കാരിന്റെ സത്വരശ്രദ്ധ ആകർഷിക്കുന്നതിന് നമ്മുടെ സംഘടനാ നേതൃത്വം നിരന്തരം ശ്രമിച്ചു വന്നിട്ടുണ്ട്. ചെറുകിട വ്യവസായം അതിന്റെ ഉടമസ്ഥന്റെ പ്രാഗൽഭ്യം ഒന്നുകൊണ്ടു മാത്രം നടന്നു പോകുന്ന അവസ്തയിൽ ആ വ്യക്തി മരണപ്പെടുകയോ, മാരകമായ രോഗം ബാധിച്ച് കിടപ്പിലാക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ ആ വ്യവസായം നിന്നുപോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. അതോ ടൊപ്പം ആ കുടുംബവും അനാഥ മാകുന്നു.

ഇതിന് ആശ്വാസം എന്ന നിലക്ക് കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ അംഗങ്ങൾ ക്കെങ്കിലും ഒരു വിധ നൂലാമാലകളും ഇല്ലാതെ ധനസഹായം ലഭിക്കുന്ന ഒരു പദ്ധതി നടപ്പിൽ വരുത്തണമെന്ന് കെ. എസ്. എസ്.ഐ.എയുടെ സംസ്ഥാന ഭാരവാഹികൾ ആലോചിച്ചതിന്റെയും വളരെയേറെ ചർച്ച ചെയ്തതിന്റെയും ഫലമായിട്ടാണ് കെ. എസ്.എസ്. ഐ. എ സോഷ്യൽ സെക്യൂരിറ്റി ഫണ്ട് എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിരി ക്കുന്നത്. പ്രസ്തുത പദ്ധതിയെ സംബന്ധിച്ചും, ആയത് പ്രാവർത്തികമാക്കുന്നതിനെ സംബന്ധിച്ചും, വ്യവസായ മന്ത്രി എളമരം കരീമുമായി ചർച്ച ചെയ്യുകയും, 2008 ജനുവരി 14-ാം തീയതി പ്രസ്തുത പദ്ധതി അദ്ദേഹം ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയും ഉണ്ടായി.

ഇടതു സർക്കാരിന്റെ വ്യവസായ നയത്തിൽ വാഗ്ദാനം ചെയ്ത്, പിന്നീട് സർക്കാർ പ്രഖ്യാപിച്ച കേരളത്തിലെ ചെറുകിട വ്യവസായങ്ങൾക്ക് ഒരു ക്ഷേമ പദ്ധതി എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2009-ലെ കേരള ബഡ്ജറ്റിൽ ഒരു കോടി രൂപ ചെറുകിട വ്യവസായങ്ങളുടെ സാമൂഹിക സുരക്ഷ സഹായ ഫണ്ടിലേക്കായി നീക്കി വെക്കുകയുണ്ടായി.

കെ. എസ്. എസ് ഐ. എ സോഷ്യൽ സെക്യൂരിറ്റി ഫണ്ട് എന്ന പേരിൽ ആരംഭിച്ച ധനസഹായ പദ്ധതിയിൽ അംഗമാകുന്ന ഒരു ചെറുകിട വ്യനസായിക്ക് ജീവഹാനി സംഭവിക്കുകയാണെങ്കിൽ ആ കുടുംബത്തിന് പരമാവധി 10 ലക്ഷം രൂപയും, മറിച്ച് ഒരംഗം മാരകരോഗത്തിന് അടിമയായാൽ അല്ലെങ്കിൽ ഒരു മേജർ ആക്സിഡന്റ് സംഭവിക്കുകയാണങ്കിൽ അങ്ങേയറ്റം രണ്ട് ലക്ഷം രൂപ അല്ലെങ്കിൽ ഹോസ്പിറ്റൽ ബിൽ ഇതിൽ ഏതാണ് കുറവെന്നുവെച്ചാൽ അത് നൽകുന്നതുൾപ്പെടെയുള്ള പദ്ധതിയ്ക്കാണ് രൂപം നൽകിയിട്ടുള്ളത്. ധനസഹായ പദ്ധതി പ്രാവർത്തികമാക്കുമ്പോൾ കുറഞ്ഞത് 1500 വ്യവസായികളെ പദ്ധതിയിൽ അംഗമാക്കുക എന്നുള്ള ദൗത്യമാണ് ഇപ്പോൾ കെ. എസ്.എസ്.ഐ. എ ഭാരവാഹികൾ ആദ്യമായി നടപ്പിലാക്കുക. 2008 നവംബർ ഒന്നാം തീയതി പ്രസ്തുത പദ്ധതി പ്രാബല്യത്തിൽ വന്നു. നിലവിൽ കെ. എസ്. എസ്. ഐ. എ യുടെ അംഗങ്ങൾക്ക് മാത്രമേ പ്രസ്തുത പദ്ധതിയിൽ അംഗമാകുവാൻ സാധിക്കുകയുള്ളൂ. 55 വയസ്സു വരെ പ്രായമുള്ളവർക്ക് ഇതിൽ അംഗമാകാം.

ഈ പദ്ധതിയിൽ 2009 സെപ്തംബർ 30-ാം തീയതിയ്ക്കകം അംഗമാകുന്നവർക്കുള്ള പ്രായപരിധി 55 ൽ നിന്നു 65 വയസ്സായി നിശ്ചയിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ റിട്ടയർമെന്റ് പ്രായപരിധി 70 വയസ്സായി നിജപ്പെടുത്തിയിരിക്കുന്നു. റിട്ടയർമെന്റ് ആനുകുല്യമായി 30 വർഷം പൂർത്തിയായവർക്ക് ഒരു ലക്ഷം രൂപ ഓരോ അംഗത്തിനും ലഭിക്കുന്നതാണ്.

ഇതിൽ അംഗമാകുവാൻ പൂരിപ്പിച്ച നിർദിഷ്ട അപേക്ഷയോടൊപ്പം കെ. എസ്. എസ്. ഐ .എ സോഷ്യൽ സെക്യൂരിറ്റി ഫണ്ട് എന്ന പേരിൽ 10,300/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് അല്ലെങ്കിൽ അറ്റ്പാർക്ക് ചെക്ക് കെ. എസ്. എസ്. ഐ. എ യുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. കൂടാതെ കെ. എസ്. എസ് .ഐ. എ സംസ്ഥാന ഓഫീസിലും, അതാത് ജില്ലാ ഓഫീസിലും ഇതിനുള്ള അപേക്ഷാ ഫോറവും, നിയമാവലിയും ലഭിക്കുന്നതാണ്.

ചെറുകിട വ്യവസായികൾക്ക് വളരെ പ്രയോജനകരമായി ഈ ക്ഷേമ പദ്ധതിയിൽ അംഗമായി തങ്ങളുടെ ജീവിത സുരക്ഷ ഉറപ്പു വരുത്തുവാൻ എല്ലാ ചെറുകിട വ്യവസായികളോടും അഭ്യർത്ഥിക്കുന്നു. ഈ ക്ഷേമ പദ്ധതിയുടെ അപേക്ഷ ഫോറവും കൂടുതൽ വിവരങ്ങളും www.kssia.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വയംസാക്ഷ്യപ്പെടുത്തിയ താഴെപ്പറയുന്ന രേഖകളാണ് അപേക്ഷയ്ക്കൊപ്പം അയക്കേണ്ടത്. a) Photograph-2 (1 pasted) b) Proof of Age SSLC Book/Passport/ Driving Licence c) MSME Part II/ SSI/Permanent Certificate d) Latest KSEB Bill/VAT Return/Service Tax

**For Further Details:**
KSSIA SOCIAL SECURITY FUND
Building No X/26A,
HMT Ancillary Industrial Estate
Kalamassery-683503
PH: 0484-2532120 Tele Fax: 2532118
Email: kssiastate@gmail.com.
Website: www.kssia.com

**NB:** അസോസിയേഷൻ അംഗത്വത്തിന് ജീവനക്കാർ വരുമ്പോൾ സോഷ്യൽ സെക്യൂരിറ്റി ഫോം Rs. 10500/- സഹിതം ഏൽപ്പിക്കുവാൻ താൽപര്യപ്പെടുന്നു.

## കെ എസ് എസ് ഐ എ മെംബേഴ്സ് ഡയറക്ടറി

**കെ** എസ് എസ് ഐ എ മെംബേഴ്സ് ഡയറക്ടറിയിൽ ചേർക്കുന്നതിനുള്ള ബയോഡേറ്റായും മറ്റ് വിശദാംശങ്ങളും ഇതേവരെ ഓഫീസിൽ എത്തിച്ചിട്ടില്ലാത്തവർ ഈ വരുന്ന ഏപ്രിൽ 15-ാം തീയതിക്ക് മുമ്പായി ഇത് ഓഫീസിൽ എത്തിക്കണം. അതിനുശേഷം കിട്ടുന്ന ബയോഡേറ്റയും ഫോട്ടോയും ഡയറക്ടറിയിൽ ഉൾപ്പെടുത്താൻ കഴിയില്ല.

പരസ്യം നൽകുവാൻ താല്പര്യമുള്ളവർ ഓഫീസുമായി ഉടൻ ബന്ധപ്പെടുക. ഡി.റ്റി.പി. എടുത്ത proforma ഓഫീസിലെത്തി തെറ്റുകൾ ഇല്ലെന്ന് ഉറപ്പുവരുത്തി നൽകേണ്ടതാണ്.

**റ്റി. ഐ. കുര്യൻ, കൺവീനർ**
**കെ എസ് എസ് ഐ എ മെംബേഴ്സ് ഡയറക്ടറി**
**ഫോൺ: 9895081742, 2567570**